കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ഇട്ടിവ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2015-2016

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി.4-335/2017

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം.

തീയതി:15-.2-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഇട്ടിവ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഇട്ടിവ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ

15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.കെ.എൽ.എം /പി.4-335/2017 തീയതി:15-02-2017

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.05.2016 മുതൽ 17.01.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.എം.ഗീത<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 18/01/2017 മുതൽ 28/01/2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീ ശശിജോഷ്.എ<br>(അസി.ഓഡിറ്റ് ഓഫീസർ) |
| | | ശ്രീ.എസ് .ഗോപകുമാർ<br>(സീനിയർ ഗ്രേഡ് ഓഡിറ്റർ) |
| | | ശ്രീമതി.ശ്രീലക്ഷ്മി.കെ<br>( ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.അരുണാദേവി.എസ് | 01.04.2015 മുതൽ 31.10.2015 വരെ |
| | | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| | | ശ്രീ.നൗഷാദ്.എ | 19.11.2015 മുതൽ 31.3.2016വരെ |
| സെക്രട്ടറി | : | ശ്രീ ബഷീർ എസ് | 01.04.2015മുതൽ 31.03.2016വരെ |
| | | | |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി. സെക്രട്ടറി | | ശ്രീ എ.രാജേശ്വരൻ പിള്ള | 01.04.2015മുതൽ 31.03.2016വരെ |
| കൃഷി ഓഫീസർ | | ശ്രീമതി .സിന്ധു ഭാസ്കർ | 01.04.2015മുതൽ 31.03.2016വരെ |
| | | | |
| വി.ഇ.ഒ | | ശ്രീമതി.നജിമുനിസ | 01.04.2015മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി .പി. ശശികല | 01.04.2015മുതൽ 31.03.2016വരെ |
| വെറ്ററിനറി സർജൻ | | ഡോ. സുലൈഖ. എ.മജീദ് | 01.04.2015മുതൽ 31.03.2016വരെ |
| ഹെഡ്മിസ്ട്രസ്സ് | | ശ്രീമതി.ശ്രീലത.എ | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | | ഡോ. സുസ്മിത.ബി .എസ് | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | ഡോ. സൗമ്യ. എസ് | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | | ഡോ.സിമ്ന രാജൻ | 01.04.2015മുതൽ 31.03.2016വരെ |
| അസി എഞ്ചിനീയർ | | ശ്രീമതി .അനുപമ .വി | 01.04.2015മുതൽ 31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തൊഴിൽ നികുതി ഈടാക്കിയതിൽ നഷ്ടം | 2-1 |
| 13 | സ്ഥാപന നികുതി ഈടാക്കുന്നില്ല. | 2-2 |
| 14 | തനതു ഫണ്ടിന് ഒരേ സമയം രണ്ട് അക്കൗണ്ടുകൾ | 2-3 |
| | ഭാഗം 3 | |
| 17 | കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗവിവരം ലഭ്യമാക്കിയില്ല | 3-1 |
| 18 | പിഎച്ച് സി -മരുന്നുകൾ ലഭ്യമാക്കിയില്ല. | 3-2 |
| 19 | വനിതകൾക്ക് വീട് മെയിന്റനൻസ്- മുൻകൂർ തുക കൈപറ്റിയെങ്കിലും പണി പൂർത്തീകരിച്ചില്ല | 3-3 |
| 20 | പൊതു തിരഞ്ഞെടുപ്പ്- വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി ചെലവഴിച്ച തുക കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 3-4 |
| 21 | നിർവഹണ ഉദ്യോഗസ്ഥരുടെ പേരിൽ അക്കൗണ്ട് നിലനിർത്തിയിരിക്കുന്നു. | 3-5 |
| 22 | തെരുവ് വിളക്ക്-വൈദ്യുതി ചാർജ് ക്രമാതീതം-നടപടികൾ അനിവാര്യം | 3-6 |
| 23 | ആസ്തി രജിസ്റ്ററിലെ യൂണിക്ക് നമ്പർ പ്രോജക്ട് ഫോറത്തിൽ രേഖപ്പെടുത്തിയിട്ടില്ല,ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 3-7 |
| 24 | പ്ലാനിംഗ് ഓഫീസ് കെട്ടിടനിർമ്മാണം-ധനവിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ഇല്ല. | 3-8 |
| 25 | കരാർ കാലാവധിക്കുശേഷമുള്ള | 3-9 |

| | | |
|---|---|---|
| | പ്രവൃത്തിപൂർത്തീകരണം-പിഴ ഈടാക്കിയില്ല. | |
| 26 | കോട്ടക്കൽ ഹൈമാസ്റ്റ് ലൈറ്റ് മെയിന്റൻസ് -എസ്റ്റിമേറ്റ്,പദ്ധതി നിർവഹണം- വിവരങ്ങൾ ഇല്ല. | 3-10 |
| 27 | ഐഎവൈ ഭവന പദ്ധതി - ബ്ലോക്ക് പഞ്ചായത്ത് സഹകരണസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തതിന്റെ വിവരങ്ങളില്ലാതെ തിരിച്ചടവിനായി വിഹിതം നൽകി. | 3-11 |
| 28 | സംയുക്ത പ്രോജക്ട് നിർവഹണത്തിനുള്ള മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല,പദ്ധതി നിർവഹണ വിവരങ്ങൾ ഇല്ല. | 3-12 |
| 29 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധനഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല. | 3-13 |
| 30 | മീഡിയാശ്രീ -ഡോക്യുമെന്ററി തയ്യാറാക്കിയില്ല-65000 രൂപാ തടസ്സം | 3-14 |
| 31 | വെളുന്തറ കളിക്കളം നവീകരണം-മിച്ചം തുക ക്രമരഹിതമായി തനതുഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. | 3-15 |
| 32 | ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (SCP)-13/16- പദ്ധതി നടത്തിപ്പിലെ അപാകത | 3-16 |
| 33 | ഓട്ടോറിക്ഷവാങ്ങൽ(എസ് സി പി,14/16)- സബ്സിഡി തുക ബാങ്കിൽ നിക്ഷേിച്ചിട്ടും ഓട്ടോറിക്ഷകൾ വാങ്ങിയിട്ടില്ല. | 3-17 |
| 34 | ധനവിനിയോഗമില്ലാത്ത അക്കൗണ്ടുകൾ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നിലനിർത്തിയിരിക്കുന്നു. | 3-18 |
| 35 | റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നല്കി | 3-19 |
| | ഭാഗം 4 | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 43 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |



# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 24-2-16 തിയതിയിലെ 15-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-16 | 22-7-16 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-2016 | 25-1-16 | |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

വാർഷിക ധനകാര്യപത്രിക പൊരുത്തക്കേടുകൾ

1. 2015-16ൽ സംയുക്ത പ്രോജക്ടുകൾക്കായുള്ള വരവുകൾ ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ 4,90,000/-രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 5,00,000/- രൂപയുമായിരുന്നു.എന്നാൽ റെസിപ്റ്റ്&പെയ്മെന്റ് സ്റ്റേറ്റ്മെന്റ് RP31 പ്രകാരം സംയുക്ത പ്രോജക്ട് വരവ് തുകകളായി യഥാക്രമം 9,80,000/-രൂപയും 10,94,299/-രൂപയും രേഖപ്പെടുത്തിയിരിക്കുന്നു.

2.2014-15വർഷത്തെ AFS ബാലൻസ്ഷീറ്റ് ഷെഡ്യൂൾB-15 പ്രകാരം കിട്ടാനുള്ള തുകയും 2015-16 വർഷത്തെ AFS റെസിപ്റ്റ്&പെയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-43 പ്രകാരം കുടിശിക യിനത്തിൽ ലഭിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. റെസിപ്റ്റ്&പെയ്മെന്റ് സ്റ്റേറ്റ്മെന്റ് RP40(b) പ്രകാരം OAP 4805എന്ന അക്കൗണ്ടിൽ ശേഷിയ്ക്കുന്ന തുക 1,67,765/-രൂപയാണ്.എന്നാൽ പാസ്ബുക്ക് പ്രകാരം പ്രസ്തുത അക്കൗണ്ടിൽ 29.02.16ൽ ശേഷിക്കുന്ന തുക 1,71,108/- രൂപയാണ്.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 37181852 |
| വരവ് | 53375802 |
| ആകെ | 90557654 |
| ചെലവ് | 67066926 |
| നീക്കിയിരിപ്പ് | 23490728 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5243420 | 15181166 | 20424586 | 20018885 | 405701 | 98 |
| വികസനഫണ്ട് എസ്.സി.പി. | 1103758 | 5220001 | 6323759 | 6323759 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 12000 | 12000 | 12000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 1663310 | 4161893 | 5825203 | 5825203 | 0 | 100 |
| സംരക്ഷണഗ്രാന്റ് | 1772778 | 3338846 | 5111624 | 5111624 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| നോൺറോഡ് | | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3915765 | 11657589 | 10602208 | 10602208 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 4816390 | 3353581 | 4774093 | 4774093 | 0 | 100 |
| എം.എൻ. ആർ.ഇ.ജി.എസ്. | 25007 | 22701274 | 22726281 | 22725841 | 440 | 99.99 |
| ബി ഫണ്ട് | - | 541560 | 541560 | 541560 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 157 | 72621570 | 143 | 54865688 | 6 | 8 | 91 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം.58.3ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4271543 | 1973248 | _2298295 | |
| നികുതിയേതര വരവുകൾ | 825090 | 978221 | +153131 | |
| മറ്റുവരവുകൾ | 1302 | 24981 | _23679 | |

| | | | | |
|---|---|---|---|---|
| ആകെ | 5097935 | 2976450 | -2121485 | -58.3 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 493560 | 315 |
| കർഷകതൊഴിലാളി പെൻഷൻ | 4848300 | 656 |
| വിധവാപെൻഷൻ | 13948120 | 1699 |
| വാർദ്ധക്യകാല പെൻഷൻ | 15533790 | 3029 |
| വികലാംഗ പെൻഷൻ | 4336490 | 482 |
| അവിവാഹിത പെൻഷൻ | 205520 | 37 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.1.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15260/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ധന വിനിയോഗ മാർഗരേഖകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പണമിടപാടുകൾ ക്രമപ്പെടുത്തുന്നതിൽ പിഴവ് സംഭവിച്ചു. ധനവിനിയോഗാർത്ഥം പ്രസക്തമല്ലാത്ത അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥരുടെ പേരിൽ അക്കൗണ്ടുകൾ ഇപ്പോഴും നിലനിൽക്കുന്നു. സംയുക്ത പ്രോജക്ടുകളുടെ ധനവിനിയോഗം സംബന്ധമായ മാർഗ നിർദ്ദേശങ്ങൾ പാലിക്കുവാനും കഴിഞ്ഞിട്ടില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | തീയതി | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6-7-1/2017 | 12/16 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1997-98 മുതൽ 2004-05 | 2004-05 | ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് അദാലത്തിലൂടെ പരിഹരിച്ചു. |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ നഷ്ടം

2015/16 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സ്റ്റേറ്റ്മെൻറ് പരിശോധിച്ചതിൽ താഴെപ്പറയുന്ന ജീവനക്കാരുടെ 2015/16 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേരും മേൽ വിലാസവും | 2015-16ലെ അർദ്ധ വർഷം | അർദ്ധ വർഷത്തെ ആകെ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | നഷ്ടം |
|---|---|---|---|---|---|---|
| 1. | കുഞ്ഞുകൃഷ്ണപിള്ള GDSSPM കോട്ടക്കൽ. പോസ്റ്റാഫീസ് | I | 84540 | 750 | 600 | 150 |
| 2. | പി.ശ്രീകുമാരി GDSBPM വയ്യാനം പോസ്റ്റാഫീസ് | I | 67350 | 600 | 450 | 150 |

| | | | | | | |
|---|---|---|---|---|---|---|
| 3. | രഞ്ജുഷ.പി.ആർ<br>ഓഫീസ്<br>അറ്റൻഡൻറ്<br>ഗവ.എച്ച്.എസ്<br>വയല | II | 58262 | 450 | 120 | 330 |
| | ആകെ നഷ്ടം | | | | | 630 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.5 തീയതി.23/1/2017)യ്ക്ക് ജീവനക്കാർക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കി രസീത് ഹാജരാക്കാമെന്നറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കിയതിൽ സംഭവിച്ച നഷ്ടം(630രൂപ) ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 2-2 <u>സ്ഥാപന നികുതി ഈടാക്കുന്നില്ല.</u>

താഴെപറയുന്ന സ്ഥാനങ്ങളിൽ നിന്നും 2015-16 രണ്ട് അർദ്ധവർഷങ്ങളിലെയും സ്ഥാപന നികുതി ഡിമാൻറ് ചെയ്തിട്ടില്ല.

1.വുഡ് ലൂം പാർക്ക് പബ്ളിക് സ്കൂൾ,ചുണ്ട

2.ഇൻഫൻറ് ജീസസ് പബ്ളിക് സ്കൂൾ,മണ്ണൂർ

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.5/23/1/2017)യ്ക്ക് , സ്ഥാപനത്തിന് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കാമെന്നറിയിച്ചിട്ടുണ്ട്. ടി സ്ഥാനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി വിവരം ആഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 <u>തനതു ഫണ്ടിന് ഒരേ സമയം രണ്ട് അക്കൗണ്ടുകൾ</u>

തദ്ദേശസ്വയംഭരണവകുപ്പിന്റെ26/5/2011തീയതിയിലെ നം.58725/എഫ്എം 3/2008/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തനതു വരുമാനം ട്രഷറി അക്കൗണ്ടിനു പുറമെ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ ഒരു സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഒന്നിൽക്കൂടുതൽ അക്കൗണ്ടുകൾ നിലനിർത്തരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ഇട്ടിവ ഗ്രാമ പഞ്ചായത്തിൽ തനത് ഫണ്ടിന് ഇൻഡ്യൻ ബാങ്കിന്റെ ഇട്ടിവ ശാഖയിലും (അക്കൗണ്ട് നം.795202525) സർവ്വീസ് സഹകരണ ബാങ്കിന്റെ തുടയന്നൂർ ശാഖയിലും (അക്കൗണ്ട് നം.9352) രണ്ട് അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു.തനതു ഫണ്ട് അക്കൗണ്ട് സൂക്ഷിക്കുന്നതിനായി ഒരു അക്കൗണ്ട് മാത്രം നിലനിർത്തി രണ്ടാമത്തെ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ

സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗവിവരം ലഭ്യമാക്കിയില്ല

കന്നുകുട്ടി പരിപാലന (പ്രോജക്ട് നമ്പർ 19/16) പദ്ധതിക്കായി കാഫ് ഫീഡ് സബ്സിഡി സ്കീം അസി.ഡയറക്ടർക്ക് താഴെ പറയും പ്രകാരം തുക നല്കി.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക | ഡിഡി നമ്പർ/ തീ |
|---|---|---|---|
| 19/16 | 2/15-16/20.2.16 | 312500 | 829365/20.2.16 |

എന്നാൽ ഫണ്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് എൻക്വയറി 11/25.1.16 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ നല്കിയ തുക 312500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-2 പിഎച്ച് സി -മരുന്നുകൾ ലഭ്യമാക്കിയില്ല.

മെഡിക്കൽ ഓഫീസർ (പിഎച്ച് സി )നടപ്പാക്കിയ സാന്ത്വന ചികിത്സാ പദ്ധതിയിൽ (29/16)മരുന്ന് ലഭ്യമാക്കുന്നതിനായി തുക മുൻകൂറായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നല്കിയെങ്കിലും നാളിതുവരെ ലഭ്യമാക്കിയില്ല.

4ലക്ഷം രൂപ വികസന ഫണ്ടിൽ നിന്ന് അടങ്കൽ വച്ച് ബിൽ നമ്പർ 6/15-16/19.3.16 മുഖേന 138300/- രൂപ സാന്ത്വന ചികിത്സാ പദ്ധതിയുടെ വിവിധ ചെലവുകൾക്കായി പിൻവലിച്ചതിൽ നിന്നും ഡിഡി നമ്പർ 829872/21.3.16 പ്രകാരം 115200/-രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നല്കിയെങ്കിലും മരുന്നുകൾ ലഭ്യമാക്കിയില്ല.

ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 10/25.1.16 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ 115200/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.മരുന്ന് ലഭിച്ച വിവരം ഓഡിറ്റിനെ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-3 വനിതകൾക്ക് വീട് മെയിന്റനൻസ്- മുൻകൂർ തുക കൈപറ്റിയെങ്കിലും പണി പൂർത്തീകരിച്ചില്ല

പഞ്ചായത്തിലെ വനിതകൾക്ക് വീട് മെയിന്റനൻസ് എന്ന പ്രോജക്ടിൽ (77/16) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി ബിൽ നമ്പർ 1/15-16 /14.10.15 പ്രകാരം 1910000/- രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.25000/-രൂപ ഭവനപുനരുദ്ധാരണത്തിന് നല്കുന്ന പ്രോജക്ടിൽ 191 ഗുണഭോക്താക്കൾക്ക് 10000/-രൂപ വീതം മുൻകൂർ നല്കുകയും പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കരാർ വയ്ക്കുകയും ചെയ്തു.എന്നാൽ താഴെ പറയുന്ന വ്യക്തികൾ 10000/-രൂപ വീതം മുൻകൂറായി കൈപറ്റിയെങ്കിലും പണി പൂർത്തീകരിച്ച് ആനുകൂല്യം പൂർണമായും കൈപറ്റിയിട്ടില്ല .

വിശദ വിവരം ചുവടെ ചേർക്കുന്നു.

| പേര് | കൈപറ്റിയ തുക | ഡിഡി നം/തുക |
|---|---|---|
| രാധ,വാലു പച്ചയിൽ വീട്,വയല,VII/228 | 10000/- | 807802/15.10.2015 |
| അസ്മബീവി,കിഴക്കതിൽ വീട്,XVI/191 | 10000/- | 807829/17.10.15 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 9/25.1.17 ന് നല്കിയ മറുപടിയിൽ പ്രസ്തുത വ്യക്തികളെക്കൊണ്ട് പണി പൂർത്തീകരിപ്പിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് വിഇഒ മറുപടി നല്കിയിട്ടുണ്ട്.പണി പൂർത്തീകരിക്കാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-4 <u>പൊതു തിരഞ്ഞെടുപ്പ്- വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി ചെലവഴിച്ച തുക കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്</u>

കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ 21.3.2015 ലെ 2614/എഫ് /2014/സം.തി.ക പ്രകാരം 2015ലെ പൊതു തിരഞ്ഞെടുപ്പിൽ ഫോട്ടോ പതിച്ച വോട്ടർ പട്ടിക തയ്യാറാക്കുന്നതിലേക്കായി ഹൗസ് വെരിഫിക്കേഷൻ നടത്തുന്ന ഉദ്യോഗസ്ഥർക്ക് (എച്ച്.വി.ഒ) നൽകുന്ന ഓണറേറിയമായി തനത് ഫണ്ടിൽ നിന്നും ഓരോ അസംബ്ലി ബൂത്തിനും 2000/-രൂപാ നിരക്കിൽ നൽകിയിരുന്നു. ഇതിൽ 500/-രൂപ പഞ്ചായത്ത് വിഹിതവും 1,500/- രൂപ തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിഹിതവുമാണ്. ചെക്ക് നമ്പർ 166446/6.4.15പ്രകാരം 54000/-രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് 27 ഹൗസ് വെരിഫിക്കേഷൻ ഓഫീസർമാർക്ക് നല്കി.ഇതിൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിഹിതമായ 40500/-(27x1500) രൂപ ഉൾപ്പെടുന്നു. പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വിതരണം നടത്തിയ ടി.തുക തിരികെ ഈടാക്കിയിട്ടില്ല.

മേൽ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/25.1.2017 ന് തുക ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് സെക്രട്ടറിമറുപടി നൽകി. കമ്മീഷൻ വിഹിതമായി ലഭ്യമാകേണ്ടിയിരുന്ന ഈ തുക കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വികരിക്കേണ്ടതാണ്.

## 3-5 <u>നിർവഹണ ഉദ്യോഗസ്ഥരുടെ പേരിൽ അക്കൗണ്ട് നിലനിർത്തിയിരിക്കുന്നു.</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബിൽ സമ്പ്രദായം നടപ്പിലാക്കിയതു മുതൽ ബാങ്കിംഗ് ട്രഷറിയിലൂടെ ബിൽ മാറുന്ന പഞ്ചായത്തുകളിൽ നിർവഹണ ഉദ്യോഗസ്ഥർ പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതില്ല എന്ന് ജിഒ(പി) 516/2004/ധനം തീയതി.3.11.2004 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.ഇട്ടിവ പഞ്ചായത്തിന്റെ ബിൽ മാറുന്നത് ബാങ്കിംഗ് ട്രഷറി ആയ കടയ്ക്കൽ സബ്ട്രഷറിയിലാണ്.എന്നാൽ പഞ്ചയത്തിന്റെ

താഴെ പറയുന്ന നിർവഹണ ഉദ്യോഗസ്ഥർ ഇപ്പോഴും പ്ളാൻ ഫണ്ടിനായി പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിരിക്കുകയാണ്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥ | അക്കൗണ്ട് നമ്പർ | ബാങ്ക് | ബാലൻസ് (31.12.2016) |
|---|---|---|---|
| ഐസിഡിഎസ് സൂപ്പർവൈസർ | 574965227 | ഇന്ത്യൻ ബാങ്ക്, ഇട്ടിവ | 10900 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,വയ്യാനം | 9398(ems) | തുടയന്നൂർ സർവീസ് സഹകരണ ബാങ്ക് | 39902 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,വയ്യാനം | 574960863(tsc) | ഇന്ത്യൻ ബാങ്ക്,ചുണ്ട | - |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,വയ്യാനം | 574965078(plan fund) | ഇന്ത്യൻ ബാങ്ക് | |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കോട്ടുക്കൽ | 946451765(plan fund) | ഇന്ത്യൻ ബാങ്ക് | |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തുടയന്നൂർ | 763695630(plan fund) | ഇന്ത്യൻ ബാങ്ക് | |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 574965261 | ഇന്ത്യൻ ബാങ്ക്, ഇട്ടിവ | 310 |

മേൽ സൂചിപ്പിച്ച അക്കൗണ്ടുകൾ ഉൾപ്പെടെ നിർവഹണ ഉദ്യോഗസ്ഥരുടെ പേരിൽ നിലനിൽക്കുന്ന അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-6 തെരുവ് വിളക്ക്-വൈദ്യുതി ചാർജ് ക്രമാതീതം-നടപടികൾ അനിവാര്യം

2015-16 വർഷം തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജിനത്തിൽ ഫിക്സഡ് ചാർജായി 52615/- രൂപയാണ് പ്രതിമാസം ചെലവഴിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.3.2013ലെ സ.നം 65529/ഡിസി3/12/തസ്വഭവ ഉത്തരവിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്ക് സംവിധാനം കെ.എസ്.ഇ.ബിയുടെ സഹായത്തോടെ നടപ്പാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇട്ടിവ പഞ്ചായത്തിൽ പ്രസ്തുത സംവിധാനം നാളിതുവരെ നടപ്പാക്കിയിട്ടില്ല. ആയത് അടിയന്തിരമായി നടപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.കൂടാതെ കെഎസ്ഇബിയുമായി സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് പുന:ക്രമീകരിക്കുന്നതിനും നടപടികൾ കൈക്കൊള്ളേണ്ടതാണ്

## 3-7 ആസ്തി രജിസ്റ്ററിലെ യൂണിക്ക് നമ്പർ പ്രോജക്ട് ഫോറത്തിൽ രേഖപ്പെടുത്തിയിട്ടില്ല,ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ കാലികമാക്കുകയോ 07.09.12ലെസ.ഉ.(എം.എസ്.)നം.233/12/തസ്വഭവ ഉത്തരവ് അനുബന്ധം2 പ്രകാരമുള്ള പ്രോജക്ട് രൂപീകരണ ഫോറം ഖണ്ഡിക36ൽ നിർദ്ദേശിക്കും പ്രകാരം റോഡ് ഉൾപ്പെടെ നിലവിലുള്ള ആസ്തി മെച്ചപ്പെടുത്തുന്നതിനോ വിപുലപ്പെടുത്തുന്നതിനോ ഉള്ള പ്രോജക്ടുകളിൽ ആസ്തി രജിസ്റ്ററിലുള്ള യൂണിക്ക് നമ്പർ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/27.01.17നുള്ള മറുപടിയിൽ ആസ്തി രജിസ്റ്റർ അടിയന്തിരമായി കാലികമാക്കുമെന്നും ആസ്തി രജിസ്റ്ററിലുള്ള യൂണിക്ക് നമ്പർ പ്രോജക്ടിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി രേഖകൾ പരിപാലിയ്ക്കുന്നതിനും പൊതുനിർമാണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചിട്ടയായി രേഖപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 പ്ലാനിംഗ് ഓഫീസ് കെട്ടിടനിർമ്മാണം-ധനവിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ഇല്ല.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്ലാനിംഗ് ഓഫീസ് കെട്ടിടനിർമ്മാണം പഞ്ചായത്ത് വിഹിതം എന്ന പ്രോജക്ടിനായി (നം.30/16) വികസന ഫണ്ടിൽ നിന്നും 26.10.15ലെ ബിൽനം.30/16 പ്രകാരം 1,50,000/-രൂപ മെമ്പർ സെക്രട്ടറി &ജില്ലാ കളക്ടർ കൊല്ലം എന്നപേരിൽ 29.10.15ലെ ഡിഡിനം.807968 പ്രകാരം ഒടുക്കിയെങ്കിലും ധനവിനിയോഗ,പൂർത്തീകരണവിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കെട്ടിടനിർമ്മാണം പൂർത്തിയായതായോ തുക വിനിയോഗച്ചതായോ വ്യക്തമാക്കുന്ന രേഖകളില്ലാത്തതിനാൽ പ്രസ്തുത പദ്ധതിയ്ക്കായി ഒടുക്കിയ 1,50,000/-രൂപ തടസ്സപ്പെടുത്തുന്നു. മതിയായരേഖകൾ ഹാജരാക്കി

തടസ്സം തീർപ്പാക്കേണ്ടതാണ്.

**3-9** <u>കരാർ കാലാവധിക്കുശേഷമുള്ള പ്രവൃത്തിപൂർത്തീകരണം-പിഴ ഈടാക്കിയില്ല.</u>

കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിയ്ക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണെന്നും കരാറുകാരന്റെ പിഴവ് നിമിത്തം പൂർത്തീകരണകാലാവധി നീളുകയാണെങ്കിൽ പിഴചുമത്തി കാലാവധി ദീർഘിപ്പിച്ച് നൽകാമെന്നും അദ്യ ദീർപ്പിക്കൽ കാലയളവ് നിശ്ചിതകാലാവധിയുടെ 25%ആണെന്നും ഈടാക്കേണ്ട പിഴയുടെ നിരക്ക് കുറഞ്ഞത് 1000/-രൂപയും പരാമാവധി 50,000/-രൂപയും എന്നപരിധിയ്ക്ക് വിധേയമായി PACയുടെ 1%ആണെന്നും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നൽകാവുന്ന പരമാവധി സമയം കരാർ കാലയളവിന്റെ പകുതിയാണെന്നും ഈടാക്കേണ്ട പിഴയുടെ നിരക്ക് കുറഞ്ഞത് 2000/-രൂപയും പരാമാവധി1,00,000/-രൂപയും എന്നപരിധിയ്ക്ക് വിധേയമായി PACയുടെ 2%ആണെന്നും 01.02.2012ലെ ജി.ഒ.(പി)നം.3/2012 /പി.ഡബ്ല്യു.ഡി.ഉത്തരവ് പ്രകാരമുള്ള കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 2112,2112.1 എന്നിവയിൽ വ്യക്തമാക്കിയിരിക്കെ നിശ്ചിത കാലാവധിയ്ക്കുശേഷം മാത്രം പ്രവൃത്തി പൂർത്തീകരിച്ചവരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം. പേര് | അംഗീകരിച്ച കരാർ തുക | കരാറുകാരൻ/ കരാർ തീയതി/ കാലയളവ് | എം.ബുക്ക് നം./ പൂർത്തീ കരിച്ച തീയതി | ബിൽനം./ തീയതി/ തുക | ഈടാക്കേണ്ട തുക | | |
|---|---|---|---|---|---|---|---|
| | | | | | അദ്യ തവണ 1% | അദ്യ തവണയ്ക്കു ശേഷം 2% | ആകെ |
| 79/16വെളുന്തറ വായന ശാല കോവൂർറോഡ് കോൺക്രീറ്റ് | 1,50,000/- | ശാന്തി ശാബ്ദി ചരിപ്പറമ്പ് 24.08.15 മൂന്ന് മാസം | 65/15-16 28.01.16 | 97/15-16. 26.03.16രൂ 1,48,540/- | 1,500/- | 3,000/- | 4,500/- |
| 45/16 പാറവിള കോളനി റോഡ് കോൺക്രീറ്റ് | 4,00,000/- | ജയഭദ്രജൻ, തിരുവാതിര ചിങ്ങേലി 07.09.15മൂന്ന് മാസം | 61/15-16 21.01.16 | 83/15-16 27.02.16 3,99,130/- | 4,000/- | 8,000/- | 12,000/- |
| 88/16 | 2,00,000/- | ശാന്തി | 68/15-16 | 96/15-16 | 2000/- | 4000/- | 6000/- |

| | | | | | | | |
|---|---|---|---|---|---|---|---|
| ചെറുകുളം പത്തായക്കുഴി പാറക്കടവ് റോഡ് കോൺക്രീറ്റ് | | ശാബ്ദി ചരിപ്പറമ്പ് 24.08.15 മൂന്ന് മാസം | 10.02.16 | 26.03.16 1,99,623/- | | | |
| 44/16 പെരുംകുളം കോളനി റോഡ് കോൺക്രീറ്റ് | 80,000/- | ബ്രീത്ത് വാഴവിളവീട് കാട്ടാമ്പള്ളി 07.08.15മൂന്ന് മാസം | 59/15-16 19.01.16 | 84/27.02.16 74,052/- | 1,000/- | 2,000/- | 3,000/- |
| ആകെ | | | | | | | 25,500/- |

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം 14/27.01.17ന് കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തികരിയ്ക്കാത്തതും പിഴ ഈടാക്കത്തെയുമായ പ്രസ്തുത പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നിയമാനുസൃത പിഴ കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കി പഞ്ചായത്ത്ഫണ്ടിൽ മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 <u>കോട്ടക്കൽ ഹൈമാസ്റ്റ് ലൈറ്റ് മെയിന്റൻസ് -എസ്റ്റിമേറ്റ്,പദ്ധതി നിർവഹണം- വിവരങ്ങൾ ഇല്ല.</u>

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നിർവഹണം നടത്തിയ കോട്ടക്കൽ ഹൈമാസ്റ്റ് ലൈറ്റ് മെയിന്റൻസ്എന്ന പദ്ധതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയതായോ കരാറുകാരൻ നടത്തിയ പ്രവൃത്തികളുടെ സാധുത പരിശോധിച്ചതായോ മൂല്യം നിർണയിച്ചതായോ വ്യക്തമാക്കുന്ന രേഖകളില്ല.

തനതുഫണ്ടിൽ നിന്ന് 30,000/- രൂപ വകയിരുത്തിയ കോട്ടക്കൽ ഹൈമാസ്റ്റ് ലൈറ്റ് മെയിന്റൻസ് എന്ന പദ്ധതിയ്ക്കായി ശ്രീ.സതീഷ് കുമാർ,ശ്രീവിശാഖം,തേവലപ്പുറം എന്ന കരാറുകാരൻ സമർപ്പിച്ച 29,800/-രൂപയുടെ ക്വട്ടേഷൻ അംഗീകരിയ്ക്കുകയും സാധനവില 21,200/-രൂപ, തൊഴിൽക്കൂലി 8,600/-രൂപ എന്നിങ്ങനെ വ്യക്തമാക്കുന്ന ബില്ലുകളെയും ഹൈമാസ്റ്റ് ലൈറ്റ് കത്തിച്ചിട്ടുള്ളതായി വ്യക്തമാക്കുന്ന കെ.എസ്.ഇ.ബി. കത്തിനെയും ആധാരമാക്കി 14,900/- രൂപ 21.10.15ലെ വൗച്ചർ നം.21500470 പ്രകാരം പിൻവലിച്ച് കരാറുകാരന് നൽകിയിട്ടുണ്ട്.എന്നാൽ പ്രസ്തുത പ്രവൃത്തിയ്ക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതായി രേഖകളില്ല. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതെന്നെന്ന് വ്യക്തമാക്കുന്ന വിവരങ്ങളോ

ഗ്യാരണ്ടി/വാറണ്ടി വിവരങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.29,800/-രൂപയുടെ ക്വട്ടേഷൻ നൽകുകയും സാധനവില 21,200/-രൂപ, തൊഴിൽക്കൂലി 8,600/-രൂപ എന്നിങ്ങനെ വ്യക്തമാക്കുന്ന ബില്ലുകൾ സമർപ്പിക്കുകയും ചെയ്ത കരാറുകാരന് 14,900/- രൂപ നൽകുകയും ചെയ്തതിന്റെ കാരണം വ്യക്തമല്ല. മേൽ സൂചന അപാകതയിൻമേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം 2ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയതായോ കരാറുകാരൻ നടത്തിയ പ്രവൃത്തികളുടെ സാധുത പരിശോധിച്ചതായോ മൂല്യം നിർണയിച്ചതായോ വ്യക്തമാക്കുന്ന രേഖകളില്ലാത്തതിനാൽ കരാറുകാരന് നൽകിയ 14,900/- രൂപ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-11 ഐഎവൈ ഭവന പദ്ധതി - ബ്ലോക്ക് പഞ്ചായത്ത് സഹകരണസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തതിന്റെ വിവരങ്ങളില്ലാതെ തിരിച്ചടവിനായി വിഹിതം നൽകി.

ഐ.എ.വൈ.ഭവനപദ്ധതിയ്ക്ക് സർക്കാർ നൽകേണ്ട അധിക ധനസഹായത്തിനായി ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് സഹകരണസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടെന്നോ വായ്പാത്തുകയും പലിശയും എത്രയാണെന്നോ വ്യക്തമാക്കുന്ന രേഖകളില്ലാതെ വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് വിഹിതം നൽകി.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ഐഎവൈ ഭവന പദ്ധതി - സഹകരണസ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പയുടെ പലിശ തിരിച്ചടവ് എന്ന പദ്ധതിക്കായി 30.03.16ലെ ബിൽ നം.42/15-16പ്രകാരം 18,67,000/-രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായി ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

2015-16 വാർഷിക പദ്ധതിയിൽ നടപ്പാക്കാൻ സാദ്ധ്യതയില്ലാത്ത പ്രോജക്ടുകളിലെ തുക ജി.ഒ.പ്രോജക്ടായി ഐ.എ.വൈ.ഭവനപദ്ധതിയ്ക്കുള്ള ത്രിതല പഞ്ചായത്ത് വിഹിതം,സംസ്ഥാന സർക്കാരിന്റെ അധിക സാമ്പത്തിക സഹായം എന്നീ ഇനങ്ങളിൽ നേരിട്ട് ചെലവഴിയ്ക്കുന്നതിനും ഐ.എ.വൈ.ഭവനപദ്ധതിയ്ക്കായി സർക്കാർ നൽകേണ്ടിയിരുന്ന അധിക ധനസഹായത്തിനായി സഹകരണസ്ഥാപനങ്ങളിൽനിന്നും ബ്ലോക്ക് പഞ്ചായത്തുകൾ എടുത്ത വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതിനായി ഉപയോഗിക്കുന്നതിനും 26.03.16 ലെ സ.ഉ.(സാധാ) 1328/16/തസ്വഭവ ഉത്തരവ് പ്രകാരം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് രൂപീകരിച്ച് തുക പിൻവലിച്ച് ബ്ലോക്ക്പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത്.എന്നാൽ ഐ.എ.വൈ.ഭവനപദ്ധതിയ്ക്കായി സർക്കാർ നൽകേണ്ടിയിരുന്ന അധിക ധനസഹായത്തിനായി ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് സഹകരണസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടെന്നോ വായ്പാത്തുകയും പലിശയും എത്രയെന്നോ വ്യക്തമാക്കുന്ന രേഖകളോ വിനിയോഗ വിവരങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ സൂചന അപാകതയിന്മേൽ രേഖാമൂലമുള്ള വിശദീകരണംതേടി നൽകിയ

ഓഡിറ്റ്എൻക്വയറി നം.2 ന് മറുപടിയായി വായ്പ എടുത്തതിന്റെ വിവരങ്ങൾക്കുംവിനിയോഗ സാക്ഷ്യപത്രത്തിനുമായി ബ്ലോക്ക് പഞ്ചായത്തിന് കത്ത് നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ബ്ലോക്ക്പഞ്ചായത്ത് ഐഎവൈ ഭവനപദ്ധതിയ്ക്കായി സഹകരണസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തതിന്റെ തിരിച്ചടവിലേയ്ക്ക് ഒടുക്കിയ18,67,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

**3-12** <u>സംയുക്ത പ്രോജക്ട് നിർവഹണത്തിനുള്ള മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല,പദ്ധതി നിർവഹണ വിവരങ്ങൾ ഇല്ല.</u>

സെക്രട്ടറി നിർവഹണോദ്യോഗസ്ഥയായി നിർവഹണം നടത്തിയ ജില്ലാപഞ്ചായത്ത്-സൈഡ് വീലോഡുകൂടിയ സ്കൂട്ടർ പദ്ധതി-പഞ്ചായത്ത് വിഹിതം എന്ന പദ്ധതിയ്ക്കായി സംയുക്ത പ്രോജക്ട് നിർവഹണത്തിനുള്ള മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ തുക മുൻകൂറായി ജില്ലാപഞ്ചായത്ത് ഫണ്ടിൽ ഒടുക്കി. പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് നൽകിയതായോ തുക വിനിയോഗച്ചതായോ വ്യക്തമാക്കുന്ന രേഖകളില്ല.

സംയുക്ത പ്രോജക്ടിൽ ഉൾപ്പെടുന്ന എൽ.എസ്.ജി.കളിൽ ഒന്നിനെ തുക വകയിരുത്തലിന്റെയോ നിർവഹണപ്രദേശത്തിന്റെയോ അടിസ്ഥാനത്തിൽ ലീഡ് പാർട്ണറായി നിശ്ചയിക്കണമെന്നും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ലീഡ് പാർട്ണർ ബിൽ തയ്യാറാക്കി ഇതര പാർട്ണർ എൽ.എസ്.ജികൾക്ക് നൽകണമെന്നും പാർട്ണർ എൽ.എസ്.ജികൾ ഡിപിസി അംഗീകരിച്ചുള്ള തുകയ്ക്കുള്ള ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ച് തുക ലഭ്യമാകേണ്ടവരുടെ അക്കൗണ്ടിലേയ്ക്ക് നൽകണമെന്നും 19.05.15ലെ ജി(പി.)നം.187/15ഫിൻ.നം. ഉത്തരവിൽ വ്യക്തമാക്കിയിക്കെ ആയത് പരിഗണിയ്ക്കാതെ ജില്ലാപഞ്ചായത്ത് സൈഡ് വീലോഡുകൂടിയ സ്കൂട്ടർ പദ്ധതി,പഞ്ചായത്ത് വിഹിതം എന്ന പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിലുള്ള 1,00,000/-രൂപ 15.12.15ലെ 21500620 നം.ബിൽ പ്രകാരം തനതുഫണ്ടിൽ നിന്നും മുൻകൂറായി പിൻവലിച്ച് 15.12.15ലെ ഡി.ഡി.നം.631958 പ്രകാരം സംയുക്ത പ്രോജക്ട് നിർവഹണത്തിനുള്ള മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ തുക മുൻകൂറായി ജില്ലാപഞ്ചായത്ത് ഫണ്ടിൽ ഒടുക്കി. പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് നൽകിയതായോ തുക വിനിയോഗച്ചതായോ വ്യക്തമാക്കുന്ന രേഖകളില്ല.

മേൽ സൂചന അപാകതയിൻമേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം 2ന് ജില്ലാ പഞ്ചായത്ത് ലീഡ് പാർട്ണർ എന്ന നിലയ്ക്കാണ് തുകകൾ നൽകിയിട്ടുള്ളതെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് നൽകിയട്ടുണ്ടെന്നും വിനിയോഗസാക്ഷ്യപത്രത്തിനായി അപേക്ഷ നൽകിയിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.ജില്ലാ പഞ്ചായത്തിൽ തുക നൽകിയ നടപടി ക്രമപ്രകാരമല്ല. ഫണ്ട് വിനിയോഗത്തിന്റെ കൃത്യത ഉറപ്പാക്കുന്നതിലേയ്ക്ക് സർക്കാർ നൽകുന്ന മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് നൽകിയതായോ തുക വിനിയോഗച്ചതായോ വ്യക്തമാക്കുന്ന രേഖകളില്ലാത്തതിനാൽ ജില്ലാപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി

തടസ്സം തീർപ്പാക്കേണ്ടതാണ്.

**3-13** മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധനഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം സ്ഥായിയായതും ഉല്പാദനക്ഷമവുമായ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുക എന്നതും ലക്ഷ്യമാക്കി തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾക്കുള്ള സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.12ലെ സ.ഉ.(കൈ)നം.93/12/ത.സ്വ.ഭ.വ.ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും സിമന്റ് കോൺക്രീറ്റ് റോഡുകൾ ഉൾപ്പെടെയുള്ള ഗ്രാമീണ റോഡുകളുടെ നിർമ്മാണപ്രവൃത്തികൾ ഏറ്റെടുക്കാമെന്ന് 02.02.12ലെ സ.ഉ.(സാധാ)നം.334/12 /ത.സ്വ.ഭ.വ.ഉത്തരവിലും സ.ഉ.(കൈ)നം.93/12/ത.സ്വ.ഭ.വ.ഉത്തരവിൽ

നിർദ്ദേശിയ്ക്കും പ്രകാരം സാധനസാമഗ്രികൾ വാങ്ങി നിർമ്മാണപ്രവൃത്തികൾ നടപ്പിലാക്കണമെന്ന് 30.03.15ലെ ടി.ടി2/116/2015/എൽ.എസ്.ജി.ഡി.നമ്പർ സർക്കുലറിലും ഓരോ ഗ്രാമപഞ്ചായത്തിലും വേതനം സാധനഘടകങ്ങൾ എന്നിവ 60:40 എന്ന അനുപാതത്തിൽ നിലനില്ക്കത്തക്ക രീതിയിൽ സാധനഘടകങ്ങൾ ആവശ്യമുള്ള മറ്റുപ്രവൃത്തികളുടെ കൂടെ പരമാവധി റോഡുപ്രവൃത്തികളും ഏറ്റെടുക്കണമെന്ന് 24.06.15ലെ സ.ഉ.(കൈ)നം.202/15/ത.സ്വ.ഭ.വ.ഉത്തരവിലും വ്യക്തമാക്കുകയും 2015-16ൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വിവിധ പ്രവൃത്തികൾക്ക് ജില്ലാതല പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ച് നൽകിയ സാധനസാമഗ്രികൾക്കുള്ള വിലകളും വിദഗ്ധ/അർദ്ധവിദഗ്ധ തൊഴിലാളികൾക്കുള്ള കൂലിയും 20.07.15 ലെ എ1.539/15നമ്പർ കത്ത് പ്രകാരം ജോ.ഡെ.കമ്മീഷണർ അറിയിക്കുകയും ചെയ്തുവെങ്കിലും സാധനഘടകങ്ങൾ ഉപയോഗിച്ചുള്ള യാതൊരു പ്രവൃത്തികളും ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. കിണർ റീചാർജിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികളിലും വേതനഘടകം മാത്രമുള്ള പ്രവൃത്തികളാണ് നിർവഹിച്ചിട്ടുള്ളത്. സാധനഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ നടപ്പലാക്കത്തത് സംബന്ധിച്ച് രേഖാ

മൂലമുള്ള വിശദീകരണംതേടി 24.01.2017ൽനൽകി ഓഡിറ്റ് എൻക്വയറി നം.6ന് 25.08.15ലെ ജി.ഒ.(ആർ.റ്റി)നം.2624/2015/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം MGNREGS പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ CPWD data &schedule of rate ന് വിധേയമായിരിക്കും എന്ന നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ച നിരക്കിൽ നടപ്പിലാക്കുവാൻ കഴിയില്ലായിരുന്നു എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. 25.08.15 ലെ ജി.ഒ.(ആർ.റ്റി ) നം.2624/2015 /എൽ.എസ്.ജി.ഡി.ഉത്തരവ് പ്രകാരംMGNREGS പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലേക്ക് SECURE സോഫ്റ്റ് വെയർ ഉപയോഗിയ്ക്കുന്നതിനും CPWD data &schedule of rate സ്വീകരിയ്ക്കുന്നതിനും 25.08.15ലെ ജി.ഒ.(ആർ.റ്റി ) നം.2624/2015 /എൽ.എസ്.ജി.ഡി.ഉത്തരവ് പ്രകാരംനിർദ്ദേശിച്ചിരിയ്ക്കെ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി സാധനഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ

ഏറ്റെടുത്ത് നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 മീഡിയാശ്രീ -ഡോക്യുമെന്ററി തയ്യാറാക്കിയില്ല-65000 രൂപാ തടസ്സം

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ മീഡിയാശ്രീ എന്ന പ്രോജക്ടിനായി (നം.16/15-6) 29-09-15ലെ ബിൽ നം. 15 പ്രകാരം 65000/- രൂപാ പിൻവലിച്ച് ഗ്രാമപഞ്ചായത്തിന്റെ വീഡിയോ ഡോക്യുമെന്ററി നിർമ്മിക്കുന്നതിലേയ്ക്ക് കുടുംബശ്രീമിഷൻ സംസ്ഥാന ഡയറക്ടർക്ക് നൽകിയെങ്കിലും നാളിതുവരെ വീഡിയോ ഡോക്യുമെന്ററി തയ്യാറാക്കിയിട്ടില്ല.

20-03-15 ലെ സ.ഉ(സാധാ)നം. 813/15/2015തസ്വഭവ ഉത്തരവിലെ നിർദേശങ്ങളെ ആധാരമാക്കി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിനെക്കുറിച്ചുള്ള ഡോക്യുമെന്ററി ചിത്രങ്ങളാക്കി പുറത്തിറക്കുന്നതിനാണ് തുക നൽകിയിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചതായി വ്യക്തമാക്കുന്ന രേഖകളില്ല. ആയതിനാൽ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായുള്ള വീഡിയോ ഡോക്യുമെന്ററികൾ തയ്യാറാക്കുന്നതിലേയ്ക്ക് നൽകിയ 65000 രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മാർഗനിർദേശങ്ങൾക്കനുസൃതമായി തയ്യാറാക്കിയ ഡോക്യുമെന്ററികൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-15 വെളുന്തറ കളിക്കളം നവീകരണം-മിച്ചം തുക ക്രമരഹിതമായി തനതുഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ വെളുന്തറ കളിക്കളം നവീകരണം എന്ന പ്രോജക്ടിനായി (നം.151/15-16) ടെണ്ടർ കിഴിവ് പരിഗണിക്കാതെ ആകെ പ്രവൃത്തിമൂല്യത്തെ ആധാരമാക്കി അധികമായി പിൻവലിക്കുകയും പിന്നീട് തിരികെ അടയ്ക്കുകയും ചെയ്ത 1,78,102/-രൂപ 22.04.16 ലെ രശീത് നം.11608100379 പ്രകാരം തനതുഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ 1ലക്ഷം രൂപ വകയിരുത്തുകയും ജില്ല,ബ്ലോക്ക് പഞ്ചായത്തുകൾ വികസനഫണ്ട് വകയിരുത്തി ഗ്രാമപഞ്ചായത്തിന് കൈമാറുകയും ചെയ്ത പ്രസ്തുത പ്രോജക്ടിനത്തിൽ ചെലവാകാതെ ശേഷിച്ച തുക തനതുഫണ്ടിൽ നിക്ഷേപിച്ചത് ക്രമരഹിതമാണ്. മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം 15/28.01.17 നുള്ള മറുപടിയിൽ പ്രസ്തുത തുക ജില്ലാപഞ്ചായത്തിന് തിരികെ നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

സംയുക്തപ്രോജക്ടിന്റെ ചെലവിന് ആനുപാതികമായി പങ്കാളികളിൽനിന്ന് തുക ചെലവ് ചെയ്യുന്നതിനും ശേഷിയ്ക്കുന്ന തുക തിരികെ നൽകുന്നതിനും നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 3-16 ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (SCP)-13/16-പദ്ധതി നടത്തിപ്പിലെ അപാകത

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഭൂരഹിതർക്ക് ഭൂമി വാങ്ങൽ(എസ് സി പി), പ്രോജക്ട് നം.13/16 പദ്ധതിയിലെ ഒരു ഗുണഭോക്താവായ ശ്രീമതി.സുജ,ചരുവിള വീട്,ചാണപ്പാറ എന്ന വ്യക്തിക്ക് ഭൂമി വാങ്ങി നൽകിയതിൽ പഞ്ചായത്തിന്റെ ഭാഗത്തു

നിന്നും വീഴ്ച സംഭവിച്ചിരിക്കുന്നു.

16.11.13-ലെ സ.ഉ(എം.എസ്) 362/13ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ വീടിന് സ്ഥലം(ഗുണഭോക്താക്കൾ സ്ഥലം കണ്ടെത്തി സ്വയം വാങ്ങൽ) പ്രകാരം സ്ഥലം വാങ്ങുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് അനുവദനീയമായ സബ്സിഡിയുടെ പരമാവധി പരിധി 150000/- രൂപയാണെന്നും ഒരു കുടുംബത്തിന് വാങ്ങി നൽകാവുന്ന സ്ഥലം ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 3സെന്റാണെന്നും സബ്സിഡി തുകയുടെ പരിധിയിൽ കവിയാതെ നിശ്ചയിക്കപ്പെട്ട മിനിമം വിസ്തൃതിയിൽ കൂടുതൽ സ്ഥലം വാങ്ങിയാൽ മിനിമം സ്ഥലത്തിനുള്ള വില നിജപ്പെടുത്തി സബ്സിഡി തുക പരിമിതപ്പെടുത്തണമെന്നും വ്യക്തമാക്കുന്നുണ്ട്.

എന്നാൽ ശ്രീമതി.സുജ,ഇട്ടിവ വില്ലേജിൽ റീസർവ്വേ ബ്ലോക്ക് നം.45ൽ 4704 നമ്പർ തണ്ടപ്പേരിൽ 319/29 ൽപ്പെട്ട 7ആർ പുരയിടത്തിന്റെ വടക്കു ഭാഗം 2ആർ 2ച.മീ വസ്തു ,വസ്തു ഉടമയായ ശ്രീ.ബഷീർ,എ.കെ.മൻസിൽ ,നാവായിക്കുളം എന്ന വ്യക്തി യിൽ നിന്നും 150000/-രൂപയ്ക്ക് വിലയാധാരം(ആധാരംനം.3108/2/18,തീയതി.30/11/15)രജിസ്റ്റർ ചെയ്യുകയും സ്റ്റാമ്പ്ഡ്യൂട്ടിയിൽ നിന്നുള്ള ആനുകൂല്യം ലഭിക്കുകയും ചെയ്തു. എന്നാൽ ടിയാൻ 2.2ആർ വസ്തു 150000/-രൂപയ്ക്ക് വാങ്ങിയതിനാൽ വിസ്തൃതിയ്ക്കാനുപാതികമായ തുക മാത്രമേ നൽകുവാൻ സാധിക്കുകയുള്ളൂവെന്ന് പഞ്ചായത്തിൽ നിന്നും അറിയിച്ചതിനെ തുടർന്ന് ,ടിയാൻ ആധാരം റദ്ദ് ചെയ്ത് നൽകണമെന്ന് പഞ്ചായത്തിൽ അപേക്ഷിക്കുകയും 1.3.2016 തീയതിയിലെ V-ാം നമ്പർപഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ആധാരം റദ്ദു ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു.എന്നാൽ 26/3/16 തീയതിയിലെ 807/7/2016 നമ്പർ വിലയാധാര പ്രകാരം, മുൻപ് നൽകിയ അതേ വസ്തുവിൽ നിന്നും 1.21 ആർസ് വസ്തു 150000/-രൂപയ്ക്ക്(ബിൽ നം.12/15-16 തീയതി.31/3/16 ,ഡി.ഡി.നം.398141 തീയതി.13/04/22016)നൽകിയിരിക്കുന്നു.അതായത് 2.2ആർസ് വസ്തു 150000/- രൂപയ്ക്ക് ലഭിക്കുമെന്നിരിക്കെ,1.21 ആർസ് വസ്തു 150000/- രൂപയ്ക്ക് സബ്സിഡി ആനുകൂല്യത്തിനകത്ത് നിർത്തി നൽകിയിരിക്കുന്നു.ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1തീയതി. 20/1/17) ആധാരത്തിന്റെ വില കുറച്ചു കിട്ടുന്നതിനു വേണ്ടി പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന തുക മാത്രമേ ആധാരത്തിൽ കാണിച്ചിരുന്നുള്ളൂ എന്നും,വസ്തുവിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായ തുക മാത്രമേ നൽകുകയുള്ളൂ എന്നറിയിച്ചപ്പോൾ ആധാരം റദ്ദു ചെയ്യണമെന്നും 1.21 ആർ വസ്തു ടി തുകയ്ക്ക് നൽകാമെന്നും ബാക്കി വരുന്ന വസ്തു മറ്റൊരു പ്രമാണത്തിലൂടെ നൽകാമെന്നും എഴുതി വാങ്ങിയ വ്യക്തിയും ,എഴുതിക്കൊടുത്ത വ്യക്തിയും സമ്മതിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം സംഭവിച്ചതെന്നും മറുപടി നൽകിയിട്ടുണ്ട്.ഇപ്രകാരം സംഭവിച്ചതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ, ഭരണ സമിതി എന്നിവരുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.മേലിൽ അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 ഓട്ടോറിക്ഷവാങ്ങൽ(എസ് സി പി,14/16)-സബ്സിഡി തുക ബാങ്കിൽ നിക്ഷേപിച്ചിട്ടും ഓട്ടോറിക്ഷകൾ വാങ്ങിയിട്ടില്ല.

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഓട്ടോറിക്ഷ വാങ്ങൽ (എസ് സി പി) പ്രോജക്ട് നം.S0014/16 പ്രകാരം പഞ്ചായത്ത് തെരഞ്ഞെടുത്ത താഴെപ്പറയുന്ന അഞ്ച് ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനായി ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ബാക്ക് എൻഡ് സബ്സിഡി തുകയായ 250000/-രൂപ (50000രൂപ 5 പേർക്ക് വീതം), (ബിൽ നം.9/15-16തീയതി,21/03/2016,ഡി.ഡി.നം828156തീയതി.24/3/2016)ലോൺ അനുവദിക്കുന്ന ഇൻഡ്യൻ ബാങ്കിന്റെ ഇട്ടിവ ശാഖയിൽ 12/4/2016 തീയതിയിൽ നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ഓട്ടോറിക്ഷകൾ വാങ്ങിയിട്ടില്ല എന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു.

ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താക്കളുടെ പേരും വിലാസവും |
|---|---|
| 1 | മനുരാജ്,സുനിത വിലാസം, വയല.പി.ഒ |
| 2 | ഉണ്ണിക്കുട്ടൻ.എസ്.എസ്, തേക്കുവിള വീട്, കോട്ടുക്കൽ.പി.ഒ |
| 3 | ഷെറിൻ ദാസ് s/o റീന ചരുവിള പുത്തൻവീട് ചെമ്മണ്ണംമുക്ക് |
| 4 | ചന്ദ്ര ബാബു ആറുപറ തലയ്ക്കൽ വീട് വട്ടത്രാമല |
| 5 | സുരേഷ് സന്തോഷ് ഭവൻ കോട്ടുക്കൽ.പി.ഒ |

ക്രമ നം.1,2ൽപ്പെട്ട ഗുണഭോക്താക്കൾ ത്രീ വീലർ ലൈസൻസ് നേടിയിട്ടില്ലാത്തതും,ക്രമ നം. 3ൽപ്പെട്ട ഗുണഭോക്താവ് ലേണേഴ്സ് ലൈസൻസ് മാത്രം നേടിയിട്ടുള്ളതുമാണ്. ക്രമ നം.1,3,4 ൽപ്പെട്ട വ്യക്തികൾ പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലെന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക്(നം. 3 തീയതി.21/10/2017) ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകണമെന്ന് ബാങ്കിനോട് നിരന്തരം അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ബാങ്കുമായി ബന്ധപ്പെട്ടപ്പോൾ ബന്ധപ്പെട്ട രേഖകൾ ആരും ഹാജരാക്കിയിട്ടില്ലെന്നും, അന്വേഷണത്തിൽ പല രേഖകളും ഹാജരാക്കുന്നതിന് ഗുണഭോക്താക്കൾ തയ്യാറല്ല എന്നും മറുപടി നൽകി. ഗുണഭോക്താക്കൾ ആരും തന്നെ ഓട്ടോറിക്ഷ വാങ്ങി പ്രോജക്ട് വിഭാവനം ചെയ്ത ലക്ഷ്യം നേടിയിട്ടില്ല. ആയതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 2,50,000 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.പദ്ധതി നിർവ്വഹണ വിവരങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-18 <u>ധനവിനിയോഗമില്ലാത്ത അക്കൗണ്ടുകൾ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നിലനിർത്തിയിരിക്കുന്നു.</u>

ഗ്രാമപഞ്ചായത്ത് ഇൻഡ്യൻ ബാങ്ക് ഇട്ടിവ ശാഖയിൽ അക്കൗണ്ട് നം.57496814 ആയി പ്ലാൻ അക്കൗണ്ട് എന്ന പേരിൽ നിലനിർത്തിയിരിക്കുന്ന അക്കൗണ്ടിൽ 12,47,401/-രൂപയും OAP4805 എന്ന പേരിൽ നിലനിർത്തിയിരിക്കുന്ന അക്കൗണ്ടിൽ 1,67,765/- രൂപയും ശേഷിയ്ക്കുന്നു. ഏറെ നാളുകളായി ധനവിനിയോഗമില്ലാത്ത പ്രസ്തുത അക്കൗണ്ടുകൾ ധനവിനിയോഗാർത്ഥം പ്രസക്തമല്ലാത്തതും ബാങ്കിംഗ് ട്രഷറി വഴി ധനവിനിയോഗം നടത്തുന്ന ഗ്രാമപഞ്ചായത്തിന് പണം നിക്ഷേപിയ്ക്കുന്നതിന് ആവശ്യമില്ലാത്തതുമാണ്. മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം 15/28.01.17നുള്ള മറുപടിയിൽ പ്രസ്തുത അക്കൗണ്ടുകളിലെ തുകകൾ കമ്മിറ്റി തീരുമാനത്തിന് വിധേയമായി ക്ലോസ് ചെയ്ത് തുകകൾ സഞ്ചിതനിധിയിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-19 <u>റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നല്കി</u>

റോഡ് കോൺക്രീറ്റിംഗിന് 1:2:4സ്പെസിഫിക്കേഷനിലുള്ള പ്രവൃത്തികൾക്ക് DSR 2014 കോഡ് 4.1.3 പ്രകാരമുള്ള നിരക്ക് അനുവദിക്കുന്നതിന് പകരം കോഡ് 11.7പ്രകാരം ഫ്ലോറിംഗ് പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള നിരക്ക് അനുവദിച്ച് നൽകി.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് CPWD ഡാറ്റയും സ്പെസിഫിക്കേഷനുകളും സ്വീകരിക്കുകയും DSR2014 നൊപ്പം ചേർക്കേണ്ട കോസ്റ്റ് ഇൻഡക്സ് 15.12.14ലെ സർക്കുലർ നം.CE/Admin/PLA/1014/15 പ്രകാരം PWD പ്രസിദ്ധീകരിക്കുകയും ചെയ്തതിനെത്തുടർന്ന് LSGDചീഫ്എൻജിനീയറുടെ 09.02.15ലെ

DB3/6512/13/CE/LSGDസർക്കുലർ പ്രകാരം 01.01.15 പ്രാബല്യത്തിൽ പ്രസ്തുത നിരക്കുകൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുണ്ട്.ആയത് പ്രകാരം DSR2014 പ്രകാരമുള്ള അടിസ്ഥാന നിരക്കിനൊപ്പം 41.9%(1.419) കോസ്റ്റ് ഇൻഡക്സ് കൂടി ചേർത്താണ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി നേടുകയും ചെയ്യുന്നത്.

1:2:4സ്പെസിഫിക്കേഷനിലുള്ള റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് DSR2014 കോഡ് 4.1.3 പ്രകാരം അനുവദിക്കാവുന്ന(Providing and laying in position cement concrete of specified grade excluding the cost of centering and shuttering - All work up to plinth level - 1:2:4 -

1 cement : 2 coarse sand : 4 graded stone aggregate 20 mm nominal size) അടിസ്ഥാന നിരക്കിനൊപ്പം (5466.30/ക്യു.മീ.) 01.01.15മുതൽ പ്രാബല്യത്തിലുള്ള കോസ്റ്റ് ഇൻഡക്സ് (1.419)കൂടി ചേർത്ത് നൽകാവുന്ന നിരക്ക് കരാറുകാർക്ക് 7756.68/ക്യു.മീ.ഉം ഗുണഭോക്തൃസമിതികൾക്ക് 6744.94/ ക്യു.മീ.ഉം ആണ്.എന്നാൽ DSR2014 കോഡ് 4.1.3 പ്രകാരമുള്ള നിരക്ക് അനുവദിക്കുന്നതിന് പകരം കോഡ് 11.7പ്രകാരം ഫ്ലോറിംഗ് പ്രവൃത്തികൾക്ക് [Cement concrete pavement with 1:2:4 (1 cement : 2 coarse sand : 4 graded stone aggregate 20 mm nominal size), including finishing complete] അനുവദിച്ചിട്ടുള്ള അടിസ്ഥാന നിരക്കിനൊപ്പം (5759.20/ക്യു.മീ.) 01.01.15മുതൽ പ്രാബല്യത്തിലുള്ള കോസ്റ്റ് ഇൻഡക്സ് (1.419)കൂടി ചേർത്ത് നൽകാവുന്ന നിരക്ക് കരാറുകാർക്ക് 8172.30/ക്യു.മീ.ഉം ഗുണഭോക്തൃസമിതികൾക്ക് 7106.35/ ക്യു.മീ.ഉം അനുവദിച്ച് നൽകി.അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥയായ വിവിധ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

കരാറുകാർ മുഖേന നിർവഹണം നടത്തിയ പ്രവൃത്തികൾ

| ക്ര. നം | പ്രോജക്ട് വിവരം (പ്രോ.നം., പേര്, അടങ്കൽ തുക, ടി.എസ് നം., കരാറുകാരൻ, എം.ബുക്ക് നം. ബിൽനം.,തുക) | C.C 1:2:4 അളവ് (m3) | അനുവദിച്ച തുക @8172.30/m3 | അനുവദനീയ തുക @7756.68/ m3 | അധികം കണക്കാക്കിയ തുക | ടെണ്ടർ കിഴിവ് (%) | ടെണ്ടർ കിഴിവിന് ശേഷം അധികം നല്കിയ തുക |
|---|---|---|---|---|---|---|---|
| 1. | 109/16<br>പള്ളിമുക്ക് കീച്ചംകോട്<br>റോഡ്കോൺക്രീറ്റ് 2,50,000/-<br>316/AEE/LSGD/06.07.15<br>സുനിൽദത്ത് ഗ്രാമശ്രീ,<br>ചാണപ്പാറ M.B. No.17/15-16<br>BillNo.46/30.12.15 തുക 248281/- | 12.013 | 98173.84 | 93180.99 | 4992.85 | 0.3 | 4977.87 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 41/16 പാലൂർ 4സെന്റ്കോളനി റോഡ് കോൺക്രീറ്റ്. 415325/-318/AEE/LSGD/06.07.15 സുനിൽദത്ത് ഗ്രാമശ്രീ, ചാണപ്പാറ M.B. No.35/15-16 BillNo.51/30.12.15 തുക 415325/- | 20.073 | 1,64,042 | 1,55,699.83 | 8342.74 | 0.2 | 8326.06 |
| 3. | 117/16 പള്ളിമുക്ക് നെട്ടമ്പുറം റോഡ് കോൺക്രീറ്റ് . 200000/- 286/AEE/LSGD/06.07.15 ചന്ദ്രശേഖരക്കുറുപ്പ് , ചൈത്രം,പാട്ടം M.B. No.20/15-16 BillNo.43/30.12.15 തുക 1,60,198/- | 9.63 | 78699.25 | 74696.82 | 4002.43 | 0.15 | 3996.42 |
| 4. | 84/16 കാഞ്ഞിരംവിള പത്തിയോട് റോഡ് കോൺക്രീറ്റ് . 450000/-293/AEE/LSGD /06.07.15 അനീഷ് ഗായത്രി പുത്തൻകുളം M.B. No.53/15-16 BillNo.72/23.01.16 തുക 449999/- | 21.705 | 177379.77 | 168358.73 | 9021.04 | എസ്റ്റിമേറ്റ് റേറ്റ് | 9021.04 |
| 5 | 42/16 കുന്നുവിള കോളനി റോഡ് കോൺക്രീറ്റ് . 400000/-400/AEE/LSGD /06.07.15 പ്രസന്നകുമാരി, ചന്ദു ഭവൻ ചരിപ്പറമ്പ് M.B. No.12/15-16 BillNo.37/18.12.15 തുക 399929/- | 19.29 | 157643.66 | 149626.35 | 8017.31 | എസ്റ്റിമേറ്റ് റേറ്റ് | 8017.31 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 6. | 90/16 ബംഗ്ലാംമുകൾ കണ്ണങ്കര റോഡ് കോൺക്രീറ്റ് . 100000/-292/AEE/LSGD /06.07.15 മോഹനൻപിള്ള മോഹനവിലാസം,കാട്ടാമ്പള്ളി M.B. No.90/15-16 BillNo.108/30.03.16 തുക98670/- | 4.82 | 39390.49 | 37387.19 | 2003.3 | 1.2 | 1979.26 |
| 7. | 67/16വെള്ളാരംകുളം പള്ളിത്തേരി റോഡ് കോൺക്രീറ്റ് 2,00,000/- 319/AEE /LSGD/06.07.15 സുനിൽദത്ത് ഗ്രാമശ്രീ,ചാണപ്പാറ M.B. No.58/15-16 BillNo.93/26.03.16 തുക 198731/- | 9.6015 | 78494.94 | 74502.91 | 3992.03 | 0.2 | 3984.04 |
| 8. | 115/16ബാലവേദി പാച്ചേറ്റിക്കോണം റോഡ് കോൺക്രീറ്റ് 4,00,000/- 315/AEE/LSGD/06.07.15 ചന്ദ്രമോഹനൻനായർ വാളമൺ വീട് ഇടയ്ക്കോട് M.B. No.49/15-16 BillNo.79/23.01.16 തുക 394883/- | 19.065 | 155804.89 | 147881. | 7923.78 | 0.1 | 7915.85 |
| 9. | 118/16കോട്ടുക്കൽ ചാരക്കോട്ട് റോഡ് കോൺക്രീറ്റ് 3,00,000/- 287/AEE /LSGD/06.07.15 | 14.460 | 118171.45 | 112161.59 | 6009.85 | 0.02 | 6008.65 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വിനോദ് കുമാർ എം.ആർ ഹൗസ് ഇളമാട്<br>M.B. No.36/15-16<br>BillNo52&54/23.01.16<br>തുക 1,00,000&1,99,746/- | | | | | | |
| 10. | 87/16ചെറുകുളം റീത്തുപള്ളി റോഡ് കോൺക്രീറ്റ് 1,00,000/- 328/AEE /LSGD/06.07.15<br>സുനിൽദത്ത് ഗ്രാമശ്രീ,ചാണപ്പാറ<br>M.B. No.42/15-16<br>BillNo.58/30.12.15<br>തുക 98769/- | 4.82 | 39390.49 | 37387.19 | 2003.3 | 1.1 | 1981.26 |
| 11. | 79/16വെളുന്തറ വായനശാല കോവൂർ റോഡ് കോൺക്രീറ്റ് 1,50,000/- 333/AEE /LSGD/06.07.15<br>ശാന്തി,ശാബ്ദി ചരിപ്പറമ്പ്.<br>M.B. No.65/15-16<br>BillNo.97/25.03.16<br>തുക 148540/- | 7.165 | 58554.53 | 55576.61 | 2977.92 | 0.01 | 2972.62 |
| 12. | 83/16മക്കാട്ട് ആഡിറ്റോറിയം കോവൂർ റോഡ് കോൺക്രീറ്റ് 2,92,491/- 330/AEE/LSGD/06.07.15<br>സുനിൽദത്ത് ഗ്രാമശ്രീ,ചാണപ്പാറ M.B. No.24/15-16<br>BillNo.64/16.01.16<br>തുക 2,92,491/- | 14.15 | 115638 | 109757. | 5881 | 0.3 | 586 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 13. | 74/16അമ്പലംകുന്ന് മണല്യവട്ടം റോഡ് കോൺക്രീറ്റ് 3,00,000/- 307/AEE/LSGD/06.07.15 മോഹനൻ പിള്ള, മോഹനവിലാസം, കാട്ടാമ്പള്ളി M.B. No.14/15-16 BillNo.66/18.01.16<br>തുക 2,98,555/- | 14.4 | 117681 | 111696 | 5985 | 0.2 | 5973 |
| 14. | 45/16പാറവിള കോളനി റോഡ് കോൺക്രീറ്റ് 4,00,000/- 335/AEE /LSGD/06.07.15 ജയദ്രജൻ,തിരുവാതിര ചിങ്ങേലി M.B. No.61/15-16 BillNo.83/27.02.16<br>തുക 3,99,130/- | 19.29 | 157643.66 | 149626.35 | 8017.31 | 0.2 | 8001.27 |
| 15. | 114/16 നെടുപുറം കോട്ടുക്കൽ റോഡ് കോൺക്രീറ്റ് 4,00,000/- 314/AEE/LSGD/06.07.15 രാജീവ്,രാജീവ്മന്ദിരം, നെടിയറ M.B. No.43/15-16 BillNo.47/30.12.15<br>തുക 3,99,066/- | 19.29 | 157643.66 | 149626.35 | 8017.31 | എസ്റ്റിമേറ്റ് റേറ്റ് | 8017.31 |
| 16. | 81/16 പാറവിള വട്ടക്കുഴി റോഡ് കോൺക്രീറ്റ് 2,00,000/- 331/AEE /LSGD/06.07.15 | 9.65 | 78863 | 74852 | 4011 | എസ്റ്റിമേറ്റ് റേറ്റ് | 4011 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഗായത്രി,പുത്തൻകുളം,പരവൂർ M.B. No.64/15-16 BillNo.99/26.03.16<br>തുക 1,99,860/- | | | | | | |
| 17. | 107/16 വട്ടത്രാമല പ്ലാവിൻമൂട് റോഡ് കോൺക്രീറ്റ് 1,00,000/- 313/AEE/LSGD/06.07.15 അനിൽകുമാർ,പുത്തൻവീട്,ഇടയ്ക്കോട് M.B. No.28/15-16 BillNo.73/23.01.16<br>തുക 99,225/- | 4.81 | 39308.76 | 37309.63 | 1999.13 | 0.5 | 1989.13 |
| 18. | 88/16ചെറുകുളം പത്തായക്കുഴി റോഡ് കോൺക്രീറ്റ് 2,00,000/- 336/AEE/LSGD/06.07.15 ശാന്തി,ശാബ്ദി ചരിപ്പറമ്പ്. M.B. No.68/15-16 BillNo.96/25.03.16 തുക 199623/-- | 9.63 | 78699.25 | 74696.82 | 4002.43 | 0.01 | 4002.02 |
| 19. | 92/16 ശങ്കരപുരം ചെറുവള്ളിക്കോണം റോഡ് കോൺക്രീറ്റ് 2,89, 292/-/- 308/AEE/LSGD/06.07.15 അനിൽകുമാർ,പുത്തൻവീട്,ഇടയ്ക്കോട് M.B. No.25/15-16 BillNo.73/28.01.16<br>തുക 2,89,292/- | 14.024 | 114608.34 | 108779.68 | 5828.66 | 0.5 | 5799.51 |
| 20. | 86/16കാഞ്ഞിരപുരം കടമ്പ്ര റോഡ് കോൺക്രീറ്റ് 2,50,000/--/- | 11.752 | 96040.87 | 91156.50 | 4884.37 | 0.01 | 4883.88 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 329/AEE/LSGD/06.07.15 ബേബിവർഗീസ്,പുത്തൻവീട്,ആലംചേരി M.B. No.21/15-16 BillNo.42/30.12.15 തുക 2,43,642/- | | | | | | |
| 21. | 94/16കോട്ടക്കൽ ഹോമിയോ ഹോസ്പിറ്റൽ റോഡ് കോൺക്രീറ്റ് 2,75,000/- 337/AEE/LSGD/06.07.15 ശാന്തി,ശാബ്ദി ചരിപ്പറമ്പ്. M.B. No.13/15-16 BillNo.63/18.01.16 തുക 2,03802/- | 11.743 | 95967.32 | 91086.69 | 4880.63 | 0.01 | 4880.14 |
| 22. | 95/16കറക്കോട് ചെമ്പകശേരി റോഡ് കോൺക്രീറ്റ് 2,00,000/- 306/AEE/LSGD/06.07.15 സുനിൽദത്ത് ഗ്രാമശ്രീ,ചാണപ്പാറ M.B. No.41/15-16 BillNo.53/30.12.15 തുക 1,99,583/- | 9.64 | 78780.97 | 74774.39 | 4006.58 | 0.2 | 3998.55 |
| 23. | 116/16 നെടുമ്പുറം കോട്ടാരഴികംഏലാ റോഡ് കോൺക്രീറ്റ് . 300000/- 320/AEE/LSGD/06.07.15 ചന്ദ്രശേഖരക്കുറുപ്പ് ,ചൈത്രം,പാട്ടം M.B. No.20/15-16 BillNo.29/31.10.15 തുക 2,95,224/- | 13.88 | 113432 | 107662.71 | 5769.29 | 0.15 | 5760.63 |
| 24. | 56/16ക്ലാവോട് കൊല്ലിക്കോട് റോഡ് കോൺക്രീറ്റ് 3,00,000/- 317/AEE/LSGD/06.07.15 സുനിൽദത്ത് ഗ്രാമശ്രീ,ചാണപ്പാറ | 14.46 | 118171.46 | 112161.59 | 6009.87 | 0.3 | 5991.84 |

| | | | | | | | |
|---|---|---|---|---|---|---|---|
| | M.B. No.22/15-16 BillNo.69/18.01.16 തുക 298907/- | | | | | | |
| 25. | 57/16കോട്ടക്കൽ കണിയാരുകോണം സംക്രമം റോഡ് കോൺക്രീറ്റ് 2,91,039/- 335/AEE/LSGD/06.07.15 ജയദ്രജൻ,തിരുവാതിര ചിങ്ങേലി M.B. No.33/15-16 BillNo.65/18.01.16<br>തുക2,91,039/- | 14.187 | 115940.42 | 110044 | 5896.42 | 0.3 | 5878.73 |
| 26. | 133/16 വയല പാറക്കടവ് റോഡ് കോൺക്രീറ്റ് . 2,99,532/-618/AEE/LSGD /20.07.15 പ്രസന്നകുമാരി,ചന്ദ്ര ഭവൻ ചരിപ്പറമ്പ് M.B. No.54/15-16 BillNo.71/23.01.16 തുക 2,99,532/ | 8 | 65378.4 | 62053.44 | 3324.96 | 0.15 | 3319.97 |
| 27. | 73/16മൂലബൗണ്ടർ അടവിപച്ച റോഡ് കോൺക്രീറ്റ് 2,00,000/- 332/AEE /LSGD/06.07.15 സുനിൽദത്ത് ഗ്രാമശ്രീ,ചാണപ്പാറ M.B. No.35/15-16 BillNo.50/30.12.15 തുക 1,99,541/- | 9.63 | 78699.24 | 74696.82 | 4002.42 | 0.2 | 3994.41 |
| 28. | 69/16മാമ്പുഴ ചെറുക്കാറ്റ് റോഡ് കോൺക്രീറ്റ് 3,00,000/- 310/AEE /LSGD/06.07.15 അനുരാജ്, മുരുക വിലാസം വിളക്കുപാറ M.B. No.50/15-16 BillNo.60/30.12.15 തുക 2,98,814/-- | 14.442 | 118024.36 | 112021.97 | 6002.39 | 0.2 | 5990.38 |
| 29. | 89/16കാവുങ്കൽ താളിക്കലിൽ റോഡ് | 9.63 | 78699.25 | 74696.82 | 4002.43 | 0.4 | 3986.42 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കോൺക്രീറ്റ് 2,00,000/- 309/AEE /LSGD/06.07.15 ഹലാസിനാഥൻ, വലിയവിളാകത്ത് വീട് M.B. No.70/15-16 BillNo.70/23.01.16 തുക198855/- | | | | | | |
| 30 | 108/16<br>മുക്കട കീഴ്ത്തോണി എൽ.പി.എസ്<br>റോഡ് കോൺക്രീറ്റ് .<br>150000/-<br>ജയദ്രജൻ,തിരുവാതിര ചിങ്ങോലി.<br>312/AEE/LSGD/ CDLM/15-16/06.07.15<br>M.B. No.60/15-16<br>BillNo.98/26-3-16 തുക149596/- | 7.23 | 59085.73 | 56080.79 | 3004.94 | 0.2 | 2998.93 |
| 31 | 68/16<br>പൊയ്കവിള-കൊടിയിൽ ഭാഗം<br>റോഡ് കോൺക്രീറ്റ് .<br>വികസനഫണ്ട് ജനറൽ-100000/-<br>294/AEE/LSGD/ CDLM/15-16/06.07.15<br>അനീഷ്.എസ്,ഗായത്രി.<br>M.B. No. /15-16<br>BillNo.117/31-3-16 തുക30467/-<br>BillNo.116/31-3-16 തുക69332/- | 4.81 | 39308.76 | 37309.63 | 1999.13 | എസ്റ്റിമേറ്റ് റേറ്റ് | 1999.13 |

ഗുണഭോക്തൃസമിതികൾ മുഖേന നിർവഹണം നടത്തിയ പ്രവൃത്തികൾ

| ക്ര.നം. | പ്രോജക്ട് വിവരം(പ്രോ.നം.,പേര്,അടങ്കൽ തുക,ടി.എസ് നം.,കൺവീനർ ,എം.ബുക്ക് നം.ബിൽനം.,തുക) | C.C1:2:4 അളവ് (m3) | അനുവദിച്ച തുക @7106.35/m3 | അനുവദനീയ തുക @6744.94/ m3 | അധികം കണക്കാക്കിയ തുക (രൂപ) |
|---|---|---|---|---|---|
| 1. | 39/16കീഴ്തോണി കുന്നംപുറം റോഡ് കോൺക്രീറ്റ് 4,00,000/- 401/AEE /LSGD/06.07.15 ബാലകൃഷ്ണൻ ചരുവിള പുത്തൻ വീട് M.B. No.9/15-16 BillNo.15/18.09.15 തുക4,00,000/- | 20.93 | 148735.9 | 141171.59 | 7564.31 |
| 2. | 70/16മുളപ്പമൺ വാഴോട്ട് റോഡ് കോൺക്രീറ്റ് 2,00,000/- 326/AEE /LSGD/06.07.15 ഉമറുദ്ദീൻ, കൊടിവിള വീട് കുരുകോൺ M.B. No.23/15-16 BillNo.31/18.12.15 തുക1,99,926/- | 10.46 | 74332.42 | 70552.07 | 3780.35 |
| 3. | 99/16മൂന്നുമുക്ക് മേലേഈട്ടിപ്പണ റോഡ് കോൺക്രീറ്റ് 4,32,,000/- 301/AEE/LSGD/06.07.15 നസീമുദ്ദീൻ , നസീർ മൻസിൽ മഞ്ഞപ്പാറ M.B. No51/15-16 BillNo.55/30.12.15 തുക4,32,000/- | 22.61 | 160674.57 | 152503.09 | 8171.48 |
| 4. | 75/16വട്ടപ്പാട്കേളന്റഴികം റോഡ് കോൺക്രീറ്റ് 2,00,,000/- 323/AEE /LSGD/06.07.15 വിദ്യാധരൻ,വിദ്യാഭവൻ,കാട്ടാമ്പള്ളി M.B. No26/15-16 BillNo.36/18.12.15 തുക1,99,413/- | 10.43 | 74119.23 | 70349.72 | 3769.51 |
| 5. | 71/16വയല തെക്കുംകര റോഡ് കോൺക്രീറ്റ് 2,00,,000/- 328/AEE /LSGD/06.07.15 വിദ്യാധരൻ,വിദ്യാഭവൻ,കാട്ടാമ്പള്ളി M.B. No27/15-16 BillNo.35/18.12.15 തുക1,99,495/- | 10.435 | 74154.76 | 70383.44 | 3771.32 |
| 6. | 154/16മുക്കട പെരിങ്ങോട് റോഡ് കോൺക്രീറ്റ് 1,00,,000/- 305/AEE /LSGD/06.07.15 രാജേഷ് കുമാർ തോട്ടത്തിൽ ചരുവിള,പെരിങ്ങോട് M.B. No30/15-16 BillNo.24/15.10.16 | 4.87 | 34607.92 | 32847.85 | 1760.07 |

| | | | | | |
|---|---|---|---|---|---|
| | തുക93,067/- | | | | |
| 7. | 72/16 കോവൂർ വിളയിൽ ഭാഗം റോഡ് കോൺക്രീറ്റ് 4,00,000/- 324/AEE/LSGD/06.07.15 സുരേന്ദ്രൻ പിള്ള S Sമന്ദിരം,വയല. M.B. No.18/15-16 BillNo.21/14.10.15 തുക 400000/- | 20.93 | 148735.91 | 141171.59 | 7564.32 |
| 8. | 61/16 ചരിപ്പറമ്പത്ത് മുട്ടേണത്ത്കാവ് റോഡ് കോൺക്രീറ്റ്. 4,75,000/- 298/AEE /LSGD/06.07.15 അഭിലാഷ് പുതുവിള വീട് ചരിപ്പറമ്പ് M.B. No.16/15-16 BillNo.67/16.01.16<br>തുക 4,69,063/- | 24.54 | 174340 | 165521 | 8819 |
| 9. | 97/16അണപ്പാട്ട് കുറ്റിക്കൊടിഞ്ഞം റോഡ് കോൺക്രീറ്റ്. 3,50,000/- 302/AEE/LSGD/06.07.15 സദാനന്ദൻ JS നിവാസ് അണപ്പാട് M.B. No.56/15-16 BillNo.76/23.01.16<br>തുക 3,49,713/- | 18.3 | 130046.20 | 123432.40 | 6613.8 |
| 10. | 103/16 കൊളവൽ കൊല്ലംകോണം റോഡ് കോൺക്രീറ്റ്. 153736/- 289/AEE/LSGD/06.07.15<br>വിജയൻ ഉണ്ണിത്താൻ, ശങ്കരമംഗലം, കൊളവൽ M.B. No.2//15-16 BillNo.16/30.09.15<br>തുക 153736/- | 8.25 | 58627.38 | 55645.75 | 2981.63 |
| 11 | 59/16 വെട്ടിക്കാവ് കോഴിപ്പാലം റോഡ് കോൺക്രീറ്റ്. 2,00,000 /-<br>അബ്ദുൽ ഹമീദ്, മേവറത്ത് വീട്, മഞ്ഞപ്പാറ 340/AEE /LSGD/06.07.15 M.B. No74./15-16 BillNo94./26.3..16<br>തുക 199832/- | 10.46 | 74332.42 | 70552.07 | 3780.35 |
| 12 | 100/16പുത്തൂർ കരിക്കം റോഡ് കോൺക്രീറ്റ്. 175,000/-<br>എസ്. നാസറുദീൻ , കരിക്കം 345/AEE/LSGD/06.07.15<br>M.B. No.94/15-16 BillNo.112/30.3.16<br>തുക 162627/- | 8.045 | 57170.57 | 54263.04 | 2907.53 |
| 13 | 36/16 , ചുണ്ട ചാവര്കാവ് റോഡ് | 8.29 | 58911.64 | 55915.55 | 2996.09 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റ്. 160000 /-<br>ജബ്ബാർകുട്ടി, നജിലാ മൻസിൽ, ചെറുകളം 304/AEE/LSGD/06.07.15<br>M.B. No.48/15-16 BillNo.61/30.12.15<br>തുക 158466/- | | | | |
| 14 | 62/16;ചരിപ്പറമ്പ് മുട്ടോടി റോഡ് കോൺക്രീറ്റ്.<br>4,00,000 /-<br>പ്രസാദ് , ചരുവിളവീട്, ചരിപ്പറമ്പ്<br>297 /AEE/LSGD/06.07.15<br>M.B. No15./15-16<br>BillNo68./18.1.16<br>തുക - 4,00,000 /- | 20.93 | 148735.91 | 141171.59 | 7564.32 |
| 15 | 96/16 ആയിരവല്ലി തോക്കേവിള അണപ്പാട് റോഡ് കോൺക്രീറ്റ്.<br>2,50,000/-<br>അജിത്കുമാർ, ജിത്തുനിവാസ്, അണപ്പാട്<br>288/AEE/LSGD/06.07.15<br>M.B. No44./15-16<br>BillNo74./23.1.16<br>തുക 249959 /-/- | 13.08 | 92951 | 88223.81 | 4727.19 |
| 16 | 44/16 , പെരുങ്കുളം കോളനി റോഡ് കോൺക്രീറ്റ്.80,000 /-<br>ബ്രീത്ത്, വാഴവിള, കാട്ടാമ്പള്ളി<br>403/AEE/LSGD/06.07.15<br>M.B. No59./15-16 BillNo.84./27.2.16<br>തുക 74052 /- | 3.875 | 27537 | 26136.64 | 1400.36 |
| 17 | 111/16 പട്ടാണി മുക്ക് ചെമ്പമൺ റോഡ് കോൺക്രീറ്റ്.125000 /<br>മുഹമ്മദ് ഷാൻ . സഫീലാ മൻസിൽ, പട്ടാണിമുക്ക്- 339/AEE /LSGD/06.07.15<br>M.B. No46./15-16 BillNo61./30.12.15<br>തുക 124979 /- | 6.54 | 46475.53 | 44111.90 | 2363.63 |

| | | | | | |
|---|---|---|---|---|---|
| 18 | 112/16 ദറസ് മുക്ക് വാച്ചിക്കോണം റോഡ് കോൺക്രീറ്റ്. 1,15000/-<br>ഷാജഹാൻ, കുന്നംപുറത്ത് വീട്, പട്ടാണിമുക്ക്<br>303/AEE/LSGD/06.07.15<br>M.B. No.47/15-16 BillNo48./30.12.15<br>തുക 114985/- | 6.02 | 42780.23 | 40604.53 | 2175.7 |
| 19 | 110/16 ഇട്ടിവ കമുങ്ങഴികം റോഡ് കോൺക്രീറ്റ്. 1,00,000 /-<br>സജി, പച്ചയിൽ വീട് 295/AEE /LSGD/06.07.15<br>M.B. No45./15-16 BillNo77.23.1.16/<br>തുക 99754 /- | 5.22 | 37095 /- | 32508.58 | 4586.42 |
| 20 | 43/16 പാറക്കെട്ട് കോളനി റോഡ് കോൺക്രീറ്റ്.2,00,000 /-<br>സുകുമാരൻ, പാറവില വീട്, കാട്ടാമ്പള്ളി 402/AEE /LSGD/06.07.15<br>M.B. No88./15-16 BillNo115./30.3.16<br>തുക 195459 /- | 10.229 | 72690.85 | 68993.99 | 3696.86 |
| 21 | 65/16 കഞ്ഞിമുക്ക് ബൈണ്ടർ മിച്ചഭൂമി റോഡ് കോൺക്രീറ്റ്. 1,00,000 /-<br>സഹദേവൻ, ദീപാനിവാസ്, പെരിങ്ങോട്ട് 334/AEE /LSGD/06.07.15<br>M.B. No32./15-16 BillNo25./16.10.15<br>തുക 44084/<br>ചെക്ക നം. 447028/3010.15 – 55670 /- | 5.22 | 37095 | 35208.58 | 1886.42 |
| 22 | 76/16 കാട്ടാമ്പള്ളി യുപിഎസ് താന്നിക്കീഴ് റോഡ് കോൺക്രീറ്റ്. 3,00,000 /-<br>സതീഷ് കമാർ, പോതിയാരുവിളപുത്തൻ വീട്, തുടയന്നൂർ 321/AEE/LSGD/06.07.15<br>M.B. No10/./15-16 BillNo17./30.9.15<br>തുക 299975 /-/ | 15.69 | 111498.63 | 105828.10 | 5670.53 |

| | | | | | |
|---|---|---|---|---|---|
| 23 | 66/16, ആയിരവല്ലി ക്ഷേത്രം റോഡ് കോൺക്രീറ്റ്. 209371 /-<br>രാജീവൻ നായർ, ശ്രീസദനം,പെരിങ്ങോട്<br>404/AEE/LSGD/06.07.15<br>M.B. No31/./15-16 BillNo27./15.10.15<br>തുക 209371 /- | 10.95 | 77814.53 | 73857.09 | 3957.44 |
| 24 | 104/16, വില്ലേജ് ഓഫീസ് ഈരണംകോട് റോഡ് കോൺക്രീറ്റ്. 125000 /-<br>സജികുമാർ , സന്തോഷ് ഭവനം , വയ്യാനം<br>290/AEE/LSGD/06.07.15<br>M.B. No5/./15-16 BillNo12./19.9.15<br>തുക 125000 /- | 6.54 | 46475.52 | 44111.90 | 2363.62 |
| 25 | 9816,കൊളവൽ ഉടയൻകാവ് ദേവിക്ഷേത്രം റോഡ് കോൺക്രീറ്റ്. 250,000 /-<br>സോമശേഖരൻപിള്ള , സോപാനം<br>300/AEE/LSGD/06.07.15<br>M.B. No1/./15-16 BillNo13./18.09.15<br>തുക 2,50,000 /- | 13.08 | 92951 | 88223.81 | 4727.19 |
| 26 | 58/16, കുണ്ടയം വെള്ളംകൊള്ളി റോഡ് കോൺക്രീറ്റ്. 425000 /-<br>അബ്ദുൾവാഹിദ് , കുഴിവിള വീട്, കുണ്ടയം<br>341/AEE/LSGD/06.07.15<br>M.B. No7/./15-16 BillNo18./30.915<br>തുക 425000 /- | 22.23 | 157974.16 | 149940 | 8034.16 |
| 27 | 102/16,<br>എച്ച് മുക്ക് ചിലപ്പനഴികം റോഡ് കോൺക്രീറ്റ്. 1,50000 /-<br>നജ്മം, നജ്മം മൻസിൽ, മഞ്ഞപ്പാറ<br>344/AEE/LSGD/06.07.15<br>M.B. No4/15-16 BillNo20./30.9.15<br>തുക 150000 /- | 7.84 | 55713.78 | 52880.32 | 2833.46 |
| 28 | 46/16പാവൂർ S/C കോളനി റോഡ് | 21.14 | 150228 | 142588 | 7640 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റ് 404044/-<br>342/AEE/LSGD/ CDLM/15-16 /06.07.15<br>അശോകൻ, ചരുവിളപുത്തൻ വീട്,പാവൂർ,മഞ്ഞപ്പാറ.<br>7/AEE/LSGD/ IVA/15-16/28.07.15 .<br>M.B. No.11/15-16<br>BillNo.22/15-10-15 തുക188222/-<br>BillNo.28/30-10-15<br>തുക215822/- | | | | |
| 29 | 101/16<br>അമ്പലം കുന്നിൽ-ചിലപ്പഴികം റോഡ് കോൺക്രീറ്റ്.<br>175000/-<br>.ഷംസുദീൻ,അനസ് മൻസിൽ,മഞ്ഞപ്പാറ<br>343/AEE/LSGD/ CDLM/15-16 /06.07.15<br>M.B. No.3/15-16<br>BillNo.11/19-9-15 തുക174939/- | 9.15 | 65023 | 61716.2 | 3306.8 |
| 30 | 63/16<br>ഊറ്റുകുഴി -കോവൂർ റോഡ് കോൺക്രീറ്റ്<br>150000/-<br>.പ്രസാദ്,ചരുവിള,ചരിപ്പറമ്പ്.<br>296/AEE/LSGD/ CDLM/15-16 /06.07.15<br>M.B. No.93/15-16<br>BillNo.114/30-3-16 തുക149821/- | 7.84 | 55714 | 52880.32 | 2833.68 |
| 31 | 78/16<br>അതിശയ മംഗലം മുരുക്കുമൺ റോഡ് കോൺക്രീറ്റ് .<br>200000/-<br>അനിൽകുമാർ ,ചരുവിളപുത്തൻ വീട്,കാട്ടാമ്പള്ളി. | 10.46 | 74332 | 70552 | 3780 |

| | | | | | |
|---|---|---|---|---|---|
| | 322/AEE/LSGD/ CDLM/15-16 /06.07.15<br>25/AE/LSGD/ IVA/15-16/7.8.15<br>M.B. No.34/15-16<br>BillNo.32/18-12-15 തുക199782/- | | | | |
| 32 | 60/16<br>വെട്ടിക്കാവ് നിരപ്പിൽ<br>റോഡ് കോൺക്രീറ്റ് .<br>-221000/-<br>എ.സുരേന്ദ്രൻ പിള്ള,ശ്രീകൃഷ്ണ വിലാസം,മലപ്പേരൂർ.<br>299/AEE/LSGD/ CDLM/15-16 /06.07.15<br>M.B. No.55/15-16<br>BillNo.18/23-1-16 തുക220720/- | 11.55 | 82078.34 | 77904 | 4174.34 |
| 33 | 180/16<br>കൊല്ലക്കോണം കോളനി<br>റോഡ് കോൺക്രീറ്റ് .4,00,000 /-<br>വിജി, സച്ചു ഭവൻ, മഞ്ഞപ്പാറ<br>780/AEE/LSGD/ CDLM/15-16 /25.11.15.<br>M.B. No40./15-16<br>BillNo62./13.1.16<br>തുക/-4,00,000 /<br>-(കോസ്റ്റ് ഇൻഡക്സ് - 1.4762) | 20.12 | 148743 | 141178.41 | 7564.59 |
| | | | | | 306268 |
| | | | | | |

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ

ഓഡിറ്റ് എൻക്വയറി നം. ന്DSR2014 കോഡ് 4.1.3 പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നതിനേക്കാൾ അധികമായി പ്രവൃത്തികൾ ചെയ്യേണ്ടതുള്ളതിനാലാണ് അധികപ്രവൃത്തികൾക്കാവശ്യമായ ലേബർ ചാർജ് കൂടി ഉൾപ്പെട്ടുവരുന്ന 11.7എന്ന സ്പെസിഫിക്കേഷൻ നൽകിയത് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. DSR2014 പ്രകാരം കോഡ് 11.7പ്രകാരമുള്ള നിരക്കുകൾ അനുവദിക്കേണ്ടത് ഫ്ലോറിംഗ് പ്രവൃത്തികൾക്കകയാൽ പ്രസ്തുത മറുപടി അംഗീകരിക്കുവാൻ കഴിയില്ല. ആയതിനാൽ അധികമായി അനുവദിച്ചുനൽകിയ 306268/- രൂപ

നിർവഹണോദ്യോഗസ്ഥയുടെയും അധികനിരക്ക് ഉൾപ്പെടുത്തി സാങ്കേതികാനുമതി നൽകിയ അസി.എൻജിനീയറുടെയും ബാദ്ധ്യതയായി നിർണയിക്കുന്നു.1:2:4സ്പെസിഫിക്കേഷനിലുള്ള റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് DSR2014 കോഡ് 4.1.3 പ്രകാരമുള്ള നിരക്ക് അനുവദിക്കുന്നതിന് പകരം കോഡ് 11.7പ്രകാരം ഫ്ലോറിംഗ് പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള നിരക്ക് അനുവദിച്ച് നൽകിയതിന്മേൽ ക്ഷമതയുള്ള അധികാരകേന്ദ്രത്തിൽ നിന്ന് അംഗീകാരം നേടുകയോ അധികമായി അനുവദിച്ചുനൽകിയ തുക തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 1094299 | വയ്യാനം പാറവിള അംഗൻവാടി കെട്ടിടനിർമാണം | 688598 | 405701 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 980000 | വെള്ളന്തറ കളിക്കളം നവീകരണം | 980000 | - |

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിനു തുക നൽകിയിട്ടില്ല

### 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തുക നല്കിയിട്ടില്ല

### 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.മുൻബാക്കി 7663750/- രൂപയിൽ 3233780/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ച |
|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | | | ടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ് ലോൺ | സ.ഉ(സാധാ) നം. 951/10LSGD 19-03-10 | 17500000 | 7663750 | 3233780 | - | 4429970 |

•

## 4-5. <u>സ്ഥിരനിക്ഷേപങ്ങൾ</u>

ഇല്ല

## 4-6. <u>ഓഡിറ്റ് റിക്കവറി</u>

ഈയിനത്തിൽ തൻവർഷം ലഭിച്ച 15472/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14,2014-15 | 3(5) | 6500 | ഐസിഡിഎസ് സൂപ്പർവൈസർ | 11508102454/ 17.3.16 |
| 2013-14,2014-15 | 3(11) | 8972 | സിന്ധ്യ, ഫുൾടൈം സ്വീപ്പർ | - |

## 4-7. <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.</u>

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ

തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | | 2000-01 | | ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരുടെ ഭവനങ്ങൾക്ക് വയറിംഗ്-കരാറുകാരന് നൽകിയ മുൻകൂർ തുക നിരാകരിക്കുന്നു.- 25,000/- | ലഭ്യമല്ല |
| 1999-00<br>2000-01<br>2001-02 | 3.9 | 2007-08 | 3.9 | പുത്താർകടവ് മണൽ ലേലം | നടപടി തുടരുന്നു |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 90557654 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 67066926 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 630 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 331768 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2874600 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 630 | | ശ്രീ ബഷീർ എസ്, സെക്രട്ടറി |
| 3-9 | | 25500 | ശ്രീമതി. അനുപമ .വി,അസി.എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-19 | | 306268 | 153134/ -ശ്രീമതി. അനുപമ .വി, അസി.എഞ്ചിനീയർ<br>153134/ -ശ്രീമതി. മഞ്ജു. കെഎസ്, അസി. എക്സി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 312500 | ഡോ. സുലൈഖ. എ.മജീദ്,വെറ്ററിനറി സർജൻ |
| 3-2 | 115200 | ഡോ.സിമ്മ രാജൻമെഡിക്കൽ ഓഫീസർ(പി എച്ച്സി) |
| 3-8 | 150000 | ശ്രീ ബഷീർ എസ്,സെക്രട്ടറി |
| 3-10 | 14900 | ശ്രീ ബഷീർ എസ്,സെക്രട്ടറി |
| 3-11 | 1867000 | ശ്രീ ബഷീർ എസ്,സെക്രട്ടറി |
| 3-12 | 100000 | ശ്രീ ബഷീർ എസ്,സെക്രട്ടറി |
| 3-14 | 65000 | ശ്രീ എ.രാജേശ്വരൻ പിള്ള,അസി.സെക്രട്ടറി |
| 3-17 | 25000/- | ശ്രീ എ.രാജേശ്വരൻ പിള്ള,അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

---

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനുപമ.വി, അസി.എഞ്ചിനീയർ,ഇട്ടിവ ഗ്രാമപഞ്ചായത്ത് | അസി.എഞ്ചിനീയർ,ഇട്ടിവ ഗ്രാമപഞ്ചായത്ത് | ശിവ മന്ദിരം,പനച്ചവിള, അഞ്ചൽ(പിഒ) |
| മഞ്ജു.കെ.എസ്, അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ ചടയമംഗലം,ബ്ളോക്ക് പഞ്ചായത്ത് | ധ്വനി,ആർ.വി.ആർ.എ ഡിIII,പത്മനാഭ നഗർ,വഴയില,കരകുളം പിഒ,തിരുവനന്തപുരം |

| | | |
|---|---|---|
| ശ്രീ ബഷീർ എസ്,സെക്രട്ടറി | സെക്രട്ടറി,പിറവന്തൂർ ഗ്രാമ പഞ്ചായത്ത് | മുക്കാലയിൽ വീട്,തടിക്കാട് പിഒ,കൊല്ലം.691306 |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ക്യൂ.പി.4 66/2008(1)18/ 19-01-2009 |
| 1998-99 | എൽ.എഫ്.ക്യൂ.പി.4 66/09/24-06-09 |
| 1999-00, 2000-01 & 2001-2002 | എൽ.എഫ്.ക്യൂ.പി.4 4/08/31-10-08 |
| 2002-03 | എൽ.എഫ്.ക്യൂ.പി.4 315/09/19-02-08 |
| 2003-04 | എൽ.എഫ്.ക്യൂ.പി.4 158/2009/30-04-09 |
| 2004-05 | എൽ.എഫ്.ക്യൂ.പി.4 1505/09 /08-07-10 |
| 2005-06 | എൽ.എഫ്.ക്യൂ.പി.4 1506/08 /28-12-11 |
| 2006-07 | എൽ.എഫ്.ക്യൂ.പി.4 661/10/29-12-11 |
| 2007-08 | എൽ.എഫ്.ക്യൂ.പി.4 662/10/29-12-11 |
| 2008-09 | എൽ.എഫ്.ക്യൂ.പി.4 1405/2012/22-12-12 |
| 2009-10,2010-11 | എൽ.എഫ്.ക്യൂ.പി.4 1358/12/13-08-13 |

| | |
|---|---|
| 2011-12 | എൽ.എഫ്.ക്യ.പി.4<br>539/2014/05-05-2014 |
| 2012-13,2013-14 | എൽ.എഫ്.ക്യ.പി.4/<br>1447/15 തീയതി: 16.09.2015 |
| 2014-15 | കെഎസ്എ-കെഎൽഎം<br>പി4-991/16<br>തീയതി:09.06.2016 |

## അനുബന്ധം

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി.4 –335 / 17

തീയതി 15.2.2017

(1) 1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടിഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം,കൊല്ലം